സുഹൃത്ത്

ഗ്രന്ഥകാരൻ:

വിദ്വാൻ, സി. പി. കെ. എളയത്.

APRIL, 1927

PRINTED AT

THE VIDYA VINODINI PRESS,

TRICHUR

സുഹൃത്തു്

ഗ്രന്ഥകാരൻ:

വിദ്വാൻ, സി. പി. കെ. എളയതു്.



APRIL, 1927

PRINTED AT

THE VIDYA VINODINI PRESS,

TRICHUR

മുഖവുര

കല്പിതകൃതികളായ നാടകങ്ങൾക്കും നോവലുകൾക്കും താരതമ്യേന സമ്മാനം കൊടുക്കേണ്ടതാണെന്ന ഒരു നിവേദനം 'ഇൻഡ്യൻ നാഷനൽ ലൈബ്രറി'ക്കാർ 1923, നവമ്പർ 1-ാം-തെ 'ഹിന്ദു'പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു; ആ 7-ാം- എനിക്കു കാണ്മാനിടയായി; കല്പിതകഥയായ ഒരു നോവൽ എഴുതുവാൻ എനിക്കൊരാഗ്രഹം ജനിച്ചു. എന്നാൽ ദീർഘസമയത്തെ ആലോചനകൊണ്ട്, ഒരു നോവലിന്നു വേണ്ടുന്ന 'വസ്തു' കണ്ടുപിടിക്കുവാനും എനിക്കു സാധിച്ചു. ആ 20-ാം- തന്നെ ഞാനെന്റെ നോവൽ എഴുതിത്തുടങ്ങി.

നോവലെഴുത്തു മുറയ്ക്കു നടന്നു; 1924 ഫെബ്രുവരി 7-ാം-, ഒടുക്കത്തെ അദ്ധ്യായവും എഴുതിത്തീർന്നു. ഇങ്ങിനെ കേവലം രണ്ടു മാസം കൊണ്ട് ഈ നോവലിന്റെ കരടുപകർപ്പ് തയ്യാറായി. എന്നാൽ, നോവൽ ലൈബ്രറിക്കാർക്കയച്ചുകൊടുക്കുകയുണ്ടായില്ല.

ഇതിന്റെ കൈയെഴുത്തുകോപ്പി, പലപ്പോഴായി, ചില സ്നേഹിതന്മാരെയും പല സ്നേഹിതന്മാരും ഞാൻ വായിപ്പിച്ചിട്ടുണ്ട്. അവരുടെ അഭിപ്രായങ്ങളിൽ ചിലതും, ഇതിന്റെ പരിഷ്കരണത്തിന്നുപകരിച്ചിട്ടുണ്ട്. വിശിഷ്യ, 1926 ഫെബ്രുവരിയിൽ, എന്റെ ഒരു ആത്മസുഹൃത്തായ ശ്രീമാൻ ഒളപ്പൂർ പടിഞ്ഞാറപ്പാട്ട പരമേശ്വരൻനമ്പ്യാർ (ബി. ഏ.-വിദ്യാർത്ഥി) ഇതു മനസ്സിരുത്തി വായിച്ച് അഭിപ്രായം പറഞ്ഞു. ആ അഭിപ്രായം ഏറ്റവും ആദരണീയവുമായിരുന്നു. അതിനെ മുൻനിർത്തിക്കൊണ്ടു ഞാൻ ഇതു ഒട്ടാകെ ഒന്നു നിഷ്കൃഷ്ടമായിപ്പരിശോധിച്ചു പരിഷ്കരിച്ചു. അതിനു ശേഷം, കഴിഞ്ഞ ഫെബ്രുവരിയിൽ, എന്റെ ഒരു വന്ദ്യഗുരുഭൂതനായ വള്ളത്തോൾ അവർകൾ, ഇതു സൂക്ഷ്മമായിപ്പരിശോധിച്ചു പല പരിഷ്കാരങ്ങളും വരുത്തുകയും, സാരവത്തുക്കളായ പല സാഹിത്യതത്വങ്ങളും എനിക്കുപദേശിക്കുകയും

ചെയ്തു. അദ്ദേഹത്തിന്റെ ആ ഉപദേശത്തെ അനുസരിച്ചുകൊണ്ടു വീണ്ടും ഞാൻ ഇതൊന്നു നന്നാക്കിയെഴുതി. ഇങ്ങനെയൊക്കെ ചെയ്തതിനു ശേഷമാണു ഞാനിതു പ്രസിദ്ധപ്പെടുത്തുന്നതു്.

ഈ മാസം 1-നു ഇതിന്റെ അച്ചടി തുടങ്ങി, 13-നു അച്ചടി അവസാനിക്കുകയും ചെയ്തു.

ഈ നോവലിനോടു സംബന്ധപ്പെട്ടിട്ടുള്ള സകലരോടും അഗാധം നന്ദി പറഞ്ഞുകൊള്ളുന്നു. ഈ നോവലിനെസ്സംബന്ധിച്ച അഭിപ്രായങ്ങളെല്ലാം — പ്രസിദ്ധപ്പെടുത്തുന്നവയും അല്ലാത്തവയും — ശ്രീമാൻ പറമ്പിള്ളി നാരായണമേനോനവർകൾക്കു് അപ്പപ്പോൾ അയച്ചുകൊടുപ്പാൻ അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു. എന്നു്,

27 – 4 – '27 } ഗ്രന്ഥകാരൻ.

പ. ലി.

ഇതിൽപ്പറഞ്ഞിട്ടുള്ള ശങ്കരാവു്, താമരശ്ശേരി — എന്നീ നാട്ടുകളും മറ്റും കല്പിതങ്ങളാണു്; അവയെ, പൊന്നാനിത്താലൂക്കിന്റെ കിഴക്കെയൊക്കെ അതിർത്തിയിലായിട്ടാണു കല്പിച്ചിട്ടുള്ളതു്.

—:o:—

അവതാരികം.

മഹർഷിതുല്യനായ ഫ്രഞ്ച് മഹാകവി 'വിക്ടോർ ഹ്യൂഗോ' ഒരു കഥാപാത്രത്തെക്കൊണ്ട് അഭിപ്രായപ്പെടുവിച്ചിട്ടുള്ളതു പോലെ, സ്വർഗ്ഗത്തിലെ വായുകൊണ്ടുള്ള ഒരു ദിവ്യമായ ശ്വാസം കഴിക്കലാണ് സ്നേഹം. സ്നേഹവായുവിനെ കിട്ടാതിരുന്നാൽ ആത്മാവു വീർപ്പുമുട്ടി വലഞ്ഞുപോകും. കറുത്തിരുണ്ട കുരികിലിനെ മൂർദ്ധാവിൽ ചേർത്തുപോരുന്ന കനകപ്രഭങ്ങളായ നക്ഷത്രങ്ങളിൽ സ്ഫുരിക്കുന്നതെന്താണ്?—ജഗദീശ്വരന്റെ സനാതനമായ സ്നേഹാനുശാസനം! "സ്നേഹിപ്പാൻ ഒരാളുമില്ലെങ്കിൽ സ്വർഗ്ഗം തനിയേ കെട്ടുപോകും."

ഏതാദൃശപ്രഭാവമായ സ്നേഹത്തിന്റെ ഏതാനും നിസ്തുലരശ്മികളെ പ്രസരിപ്പിക്കുന്ന ഒരു ചെറിയ ജ്യോതിർഗോളമാകുന്നു ഈ ലഘുകാവ്യം. സർവകലാശാലയാൽ നല്കപ്പെട്ട വിജയപത്രത്തെ, സർക്കാരുദ്യോഗത്തിലേക്കു കടക്കുന്നതിനുള്ള കൈച്ചീട്ടായി കൊണ്ടുനടക്കുന്നതിനു പകരം, സന്തപ്തയായ മാതൃഭൂമിയെ വീണ്ടുന്നതിനുപയോഗിച്ച കേശവനെളയതിന്റെ സ്നേഹമില്ലായിരുന്നുവെങ്കിൽ, കോമളൻ കുട്ടൻനമ്പ്യാർക്കു സ്വർഗ്ഗം കെട്ടുപോക തന്നെ ചെയ്യുമായിരുന്നു. അതേ; പവിത്രകർമ്മാവായ കേശവനെളയതിന്റെ പൌരോഹിത്യമാണ്, അവിവേകത്തിന്നടിപ്പെട്ട നമ്പ്യാരെ പാതകവിമുക്തനാക്കി പരിതോഷസ്വർഗ്ഗം പ്രാപിപ്പിച്ചതു.

നമ്മുടെ ചുററും കാണപ്പെടുന്നവർ തന്നെയാണു് ഈ ആഖ്യായികയിലെ പാത്രങ്ങൾ; അതിനാൽ, ആഖ്യായികകളുടെ വർഗ്ഗത്തിൽ അപ്രധാനമല്ലാത്ത ഒരു സ്ഥാനം ഈ കൃതിയാൽ ആരോഹണം ചെയ്യപ്പെട്ടിരിക്കുന്നു. അനാചാരങ്ങളെ അധിക്ഷേപിക്കുന്നതിലും, ജാതിമാറാലകളെ ഊതിനീക്കുന്നതിലും, നൂതനാദർശങ്ങളെ ഉണ്ടാക്കുന്നതിലും സമുത്സുകനായ 'സ്വപ്നത്തെ', ആരുടേയും ഒത്താശ കൂടാതെ തന്നെ ഭവാൻ കൈരളീഗൃഹത്തിൽ കൈക്കൊള്ളപ്പെടും!

പുണ്യശ്ലോകനായ പുന്നശ്ശേരി നമ്പി അവർകളുടെ സംസ്കൃതഭാഷാഭിമാനം ഉജ്ജീവിപ്പിച്ചതു പോലെ പേരാററിൻതീരത്തു പരിലസിക്കുന്ന മഹാപാഠശാലയുടെ ധാത്രീഭാവത്താൽ സവാത്സല്യം വളർത്തപ്പെട്ടു വിളവു നേടിയ 'വിള'ങ്ങളിലൊരാളാണു്, ഈ 'സ്വപ്ന'ത്തിന്റെ ജനയിതാവായ സി. പി. കൃഷ്ണനെളയതവർകൾ. വിഖ്യാതനാമാവായ വിദ്വാൻ സി എസ്സ്. നായരവർകളും മററുമെന്ന പോലെ, ഇദ്ദേഹവും എന്റെ ഭാഷയെപ്പോഷിപ്പിച്ചുപോരുന്നതിൽ എനിക്കുള്ള സന്തോഷം അപരിമിതമത്രെ; അതിന്റെ ഒരു നേരിയ അംശം മാത്രമാണു് ഈ അവതാരിക. സമുത്തിഷ്ഠമാനനായ, എളയതവർകളുടെ സാഹിത്യസംരംഭത്തെ സൌഭാഗ്യലക്ഷ്മി കടാക്ഷിക്കുമാറാകട്ടെ !

വടന്നരി,
1102. മേടം 8-നു

വള്ളത്തോൾ.

കേരളീയരായ ദേശികന്മാരിൽ

അഗ്രഗണനീയനായ

ബ്രഹ്മശ്രീ. കൂറൂർ മനയ്ക്കൽ

നീലകണ്ഠൻ നമ്പൂതിരിപ്പാട്

അവർകൾക്ക്

സവിനയം

സമർപ്പിച്ചുകൊള്ളുന്നു.

സുഹൃത്ത്.

ഒന്നാമദ്ധ്യായം.

"മാധവ, ഇന്നുമുതൽ നാം നമ്മുടെ ജീവിതത്തെ വിഭിന്നരീതിയിൽ നയിപ്പാൻ നിർബ്ബന്ധന്മാരായിരിക്കുന്നുവല്ലൊ!"

നാലഞ്ചു നിമിഷത്തെ ഗാഢചിന്തക്കു ശേഷം, ഏളിയത്, സഹപാഠിയായ മാധവനോട് ഇങ്ങിനെ പറഞ്ഞു. ഈ വാക്യത്തിലെ ഓരോ അക്ഷരങ്ങളിലും, വാചാമഗോചരമായ ഏതോ ഒരു ഉൽകണ്ഠാവിശേഷം — അഥവാ, താദൃശമായ ഒരവാച്യവികാരം; അല്ലെങ്കിൽ, അത്തരം ചില മാനസികവികാരങ്ങളുടെ സങ്കരം — തെളിഞ്ഞു വിളങ്ങിയിരുന്നതു മാധവന്റെ മനസ്സിൽ പ്രതിഫലിച്ചു. ആയാൾക്ക് ഒരക്ഷരംപോലും പറവാൻ ശക്തനായില്ല; ഏളിയതും, അതിന്നപ്പുറം ഒന്നും തന്നെ തുടൎന്നില്ല. കഴിഞ്ഞുപോയ ചെറിയ കാലത്തിലെ രമ്യങ്ങളായ ചില സന്ദൎഭങ്ങളേയും, വരാനിരിക്കുന്ന വലിയ കാലത്തിലെ നീരസങ്ങളായ പല ഭാഗങ്ങളേയും പററി ആ ഇരുകൂട്ടരും വിചാരിച്ചുതുടങ്ങി. അതേ; ഇവരുടെ ഭൂതകാലം ഏററവും ചെറിയതും, ഭാവികാലം എത്രയോ വലിയതും തന്നെ! ഭാവി

യിൽ അനുഭവിക്കേണ്ടുന്ന അംശങ്ങൾക്ക് എണ്ണത്തിലോ വണ്ണത്തിലോ യാതൊരു നിർണ്ണയവുമില്ലല്ലോ! ആ ഭാവികാലത്തെ സുരഭിലമാക്കിത്തീർക്കുവാനുള്ള ഉപായങ്ങളിൽ ഒന്നും തന്നെ ഇന്നു കാണുന്നുമില്ല! വിശേഷിച്ചു്, ശരീരശുഷ്കിന്നന്മാരായ ഈ യുവാക്കൾക്ക് അനന്തരക്ഷണംമുതൽ സ്വാസ്വജീവിതഗതിയെ 'വിധിന്നരീതിയി'ലാക്കേണ്ടിവരികയും ചെയ്തിരിക്കുന്നു!

എളയതും മാധവനും, ഇന്നലെത്തേതോടുകൂടി അവസാനിച്ച 'സ്കൂൾ ഫൈനൽ'പരീക്ഷയിൽ ചേർന്നിട്ടുള്ള രണ്ടു ചെറുപ്പക്കാരാണ്. ഇന്ന് ഇവർ സ്വഗൃഹങ്ങളിലേക്കു പോകയായി. മൂന്നുനാലു കൊല്ലമായിട്ട് ഇവർ രണ്ടുപേരും അശനപാനശയനാദികളിലും പഠനത്തിലും സഹചാരന്മാരാണ്. വല്ലയിടത്തും വല്ലപ്പോഴും ഇവരെ അങ്ങിനെ ഒററയ്ക്കു കാണുന്നുണ്ടെങ്കിൽ, അതിന്നു തക്ക കാരണമുണ്ടാകണം. സർക്കാർ ഹൈസ്കൂളിലും, പുറമെയുള്ള അത്തരം സ്ഥലങ്ങളിലും, എന്തിന് — തൃശ്ശൂർ നാട്ടു മുഴുക്കെത്തന്നെ — ഇവർക്കു 'കൃഷ്ണകുചേലന്മാ'രെന്നാണ് ഒരു പരിഹാസപ്പേര്. എന്നാൽ, ഇവർക്കോ, ആ പേരിൽ വലിയ ഒരു ബഹുമാനമാണുള്ളതു്. ഇങ്ങിനെ ഒന്നിച്ചു പഠിച്ചുവന്ന ഈ വിദ്യാർത്ഥികൾക്ക് ഇന്നത്തെ ഈ വേർപാടിൽ എത്ര സങ്കടമുണ്ടാകയില്ല?

എളയതിന്റേയുമില്ല മാധവന്റേയുമില്ല വിദ്യാർത്ഥിദശ അവസാനിച്ചിട്ട്; അവർ ഇനിയും കുറച്ചുകാലം കൂടി പഠിക്കുക തന്നെയാണു ചെയ്യുക. പക്ഷേ, രണ്ടും രണ്ടുവഴിക്കാണെന്നു മാത്രം. എന്തായാലും, പരീക്ഷയിൽ പൂർണ്ണവിജയം സിദ്ധിക്കുമെന്നുറപ്പുള്ള ഇവർക്ക്, ആ വഴിക്കുണ്ടാകാവു

ന്ന ഒരു മനഃപ്രസാദവും, അതിന്റെ തന്നെ രൂപാന്തരമായ ഒരു നിർവൃതിയും അല്പമെങ്കിലും ആസ്വദിപ്പാൻ കൂടില വിധി അവസരം നൽകുന്നില്ലെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

പലതുകൊണ്ടും, കേരളം 'ഭൂസ്വർഗ്ഗ'മെന്നു പറയപ്പെടുന്നു. ഈ ചൊല്ലു വാസ്തവികമാണെങ്കിൽ, തൃശ്ശൂർ പട്ടണത്തെ 'അമരാവതി' എന്നു പറയുവാനും ഒട്ടും തന്നെ മടിക്കേണ്ടതില്ല. നഗരത്തിന്റെ നയനാഭിരാമകത്വം തുടങ്ങിയ നിരവധിഗുണങ്ങൾ തൃശ്ശൂരിനുണ്ട്; ഒരു നാട്ടിൻപുറത്തിനുള്ള മെച്ചങ്ങളും തൃശ്ശൂരിനുണ്ട്. പലതരം സൌകര്യങ്ങളും പലതരം സൌന്ദര്യങ്ങളും തൃശ്ശൂർനഗരത്തിൽ വിളയാടുന്നു. തൃശ്ശൂരിലെ കാലാവസ്ഥയും, ഒരു നാട്ടിൻപുറത്തെ കടൽത്തീരത്തിലേതെന്നോ ഉള്ളതു പോലെ, പ്രകൃതിരമണീയകത്തെ പ്രകടമായുദാഹരിക്കുന്ന ഒന്നാണെന്നുള്ളത്, അനുഭവൈകവേദ്യമായ ഒരു വാസ്തവമാകുന്നു. താദൃശപ്രാകൃതിക പ്രകൃതിവിലാസത്തിനു പരമോത്കൃഷ്ടമായ പരഭാഗത്തെ സംജാതമാക്കിക്കൊണ്ട്, ആകാശത്തിന്റെ പശ്ചിമഭിത്തി അതാ, നീലപ്പട്ടുകൊണ്ടു വിതാനിക്കപ്പെടുന്നു! എന്നു മാത്രമല്ല; വടക്കുന്നാഥക്ഷേത്രത്തിന്റെ തങ്കത്താഴികക്കുടത്തെ ഒരു ദ്വിതീയസൂര്യനാക്കിത്തീർക്കുന്ന സാക്ഷാൽ സൂര്യന്റെ കരങ്ങളാൽ അവിടെ നവരത്നമയമായ ഒരു കമാനം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു !! ഇങ്ങിനെ ഹൃദയഹാരിയായ ആ ദിവ്യപ്രകൃതിവിലാസത്തെപ്പോലും ലേശമെങ്കിലും കണ്ടാനന്ദിക്കാതെ നമ്മുടെ വിദ്യാർത്ഥികൾ രണ്ടുപേരും കേവലം ചിന്താകുലന്മാരായി, നേരേ പടിഞ്ഞാ

ട്ട്, ഇടവും വലവും തിരിഞ്ഞുനോക്കാതെ കിടപ്പോട്ടുനോ
ക്കിക്കൊണ്ടു പതുക്കെ നടക്കുന്നു!

ഒഴിവില്ല ഇക്കാലം ഞങ്ങൾക്കു പോരപ്പോയി! ഒരപ്പം [illegible]
ഴുവാക്ക് ആ തങ്ങൾ വിചാരത്തിൽനിന്നൊഴിഞ്ഞു!
അവർ ആ അവസരത്തിൽ ഒഴിവില്ലാത്ത ഒരു ബന്ധം [illegible]
ത്രം കണ്ടു!

എളയതും ഭാര്യയും അവരുടെ പാർപ്പിടത്തിലെത്തി
യപ്പോൾ, കുട്ടർനമ്പ്യാരെന്ന് അവിടെ വന്ന് അവരെ
കണ്ടുനിന്നിരുന്നു. എളയത് കൊറച്ചുനേരം ഒരു [illegible]
[illegible] സംഭാഷണങ്ങളിലേർപ്പെട്ടതിനുശേഷം ഇങ്ങി
ങ്ങനെ ചോദിച്ചു:—"ഞങ്ങടെ [illegible] ചിച്ചുപോയി. [illegible]
[illegible] നേരമായോ?"

കുട്ടർനമ്പ്യാർ—ഇല്ല; ഒരു പത്തുമിനിട്ടായി. നിങ്ങളുടെ
[illegible] എല്ലാം കഴിഞ്ഞില്ലേ; വല്ലതും [illegible]
യിട്ടില്ലേ?

എളയത്—ഉവ്വ്; പക്ഷേ, എനിക്കു [illegible] വന്നു
പ്പോയി!

കുട്ടർനമ്പ്യാർ—എന്ത്; അബദ്ധമോ?

എളയത്—ഇല്ല; സാരമില്ല. [illegible] ചോദ്യ
[illegible] ഞാൻ പറഞ്ഞിരുന്നു. അതിൽ
ഒന്നു എഴുതിയില്ല.

കുട്ടർനമ്പ്യാർ—ഒന്നാമത്തെ വിട്ടുകളഞ്ഞോ?

എളയത്—അത് ആലോചിച്ചില്ല; ഒന്നു [illegible]
[illegible] സമയം തീർന്നുപോയി.

കുട്ടർനമ്പ്യാർ—അപ്പോൾ അതിൽ പാസ്സാവില്ല എന്നു
തോന്നുന്നുണ്ടോ?

ഏളയത് — അതില്ല.

മാധവൻ — ഏതുതിയ്യകാരണവന്മാർക്കും മാതിരിയിൽ സാക്ഷരം മാത്രം തന്നെ കിട്ടും; പിന്നെയെന്താ?

കുട്ടിനമ്പ്യാര് — ശരി; അതുകൊണ്ടാ! മാധവനോ?

'മാധവനോ?' എന്ന ഈ ചോദ്യത്തിലെ സാരത്തിൽ പല അർത്ഥങ്ങളും അടങ്ങിയിരുന്നു:

കുട്ടിനമ്പ്യാർക്ക് മാധവന്റെ പേരിൽ അത്ര വലിയ സന്തോഷം കാണിക്കുവാനുള്ള യാതൊരു യോഗ്യതയുമില്ല: മാധവനെക്കാൾ ഏകദേശം വയസ്സുമാത്രം നമ്പ്യാർക്കു പ്രായം കൂടുകയുള്ളൂ: മാധവന്റെയും കുട്ടിനമ്പ്യാരുടെയും പേരുമാത്രം തന്നെ, രണ്ടാമതു മൂന്നുകാരം സാധാരണമായുള്ള പാലെ അത്രമാത്രം പക്ഷവും ഉണ്ടാകുന്നില്ല; കുട്ടിനമ്പ്യാർക്ക് ഒരു വിഷയത്തിലും ബോധപാടവമൊന്നുമില്ല താനും. ഒരു വിദ്യാർത്ഥി എത്രതന്നെ തന്റേടമുള്ളവനാകിലും പഠിക്കുന്നവനും മാതൃയോഗ്യനും, അവന്റെ രക്ഷിതാക്കന്മാർക്ക് ആ വിദ്യാർത്ഥിയുടെ മേലന്വേഷണത്തിന്, — വിദ്യാർത്ഥി തങ്ങളുടെ മനോരാജ്യത്തിൽകീഴിലല്ലാതെ വരുമ്പോൾ, — കുന്ന്യൻ ഉണ്ടാവുക നല്ല സുഖമാണ്. കുട്ടിനമ്പ്യാരും ഈ തരത്തിൽപ്പെട്ട ഒരു രക്ഷിതാവാണ്. അതുകൊണ്ടുതന്നെ, മാധവന്റെ സകലകാര്യങ്ങളിലും ശ്രദ്ധവെയ്ക്കണമെന്നു നമ്മുടെ ഏളയത്തിനെ അദ്ദേഹം ഏല്പിച്ചിട്ടുള്ളതും, ആ വസ്തുതയെ വിശദമാക്കിയുംകൊണ്ട് 'മാധവനോ?' എന്നിട്ടും സാരമായി ചോദിച്ചതും. മാധവന്റെ സ്വഭാവവും സ്വാതന്ത്ര്യവുമാണ് ഏളയത് എന്നു നമ്മുടെ നമ്പ്യാർ കരുതുന്നില്ല! എന്നാൽ, ഒരേവയസ്സിലുള്ള രണ്ടു പേരിലേക്കാളും മറ്റാളുകളെക്കാളും വിശ്വസിക്കാൻ മറ്റൊന്നു ആ

യിത്തീരുന്നതു് അസംഭാവ്യമല്ല: "മതിഃ പരിജ്ഞാനമതി പുരു
ഷമുള്ളതായാൽ; ന വയഃ." എന്നാണല്ലൊ. പക്ഷെ, എളയ
തു്, തനിക്കു മാധവനെക്കാറം അധികം ബുദ്ധിക്കു പരിപാ
കം വരുവാൻ പ്രയോജകീഭവിക്കുന്ന പ്രാപഞ്ചികാനുഭവ
ങ്ങളുമായി ഇതേവരെയൊന്നും ഏറ്റുമുട്ടിയിട്ടില്ല. എന്നി
രുന്നാലും, വിവേകവും ബുദ്ധിസാമർത്ഥ്യവും ആലോചനാ
നൈപുണ്യവുമുള്ള ഒരു യുവാവാണിദ്ദേഹം.

എളയതു് —മാധവൻ എല്ലാം നന്നായിച്ചെയ്തിട്ടുണ്ടു്; എനി
ക്കും ഒരു ന്യൂനത തോന്നുന്നില്ല.

കുട്ടൻനമ്പ്യാർക്കു വലിയ കൃതാർത്ഥതയായി. അദ്ദേഹം
വിദ്യാർത്ഥികളെ രണ്ടുപേരെയും മനസാ ശ്ലാഘിച്ചുകൊണ്ടു
കുറച്ചു നേരം ഒന്നും മിണ്ടാതെയിരുന്നു. അനന്തരം, "എ
പ്പോൾ, ഇന്നു തന്നെ എളയതു് നാട്ടിലേക്കു പോകയാ
ണോ?"

എളയതു് —ഉവ്വു്; അമ്മയും മറ്റും എന്നെ കാത്തിരിക്കുന്നു
ണ്ടാകും.

കുട്ടൻനമ്പ്യാർ —അതെ; വീട്ടിലും, അമ്മയും ഓപ്പോളും വി
ജയം വരട്ടെന്നു തന്നെ വിചാരിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

എളയതു് —ഇപ്പോൾ ഞാൻ വീട്ടിലേക്കില്ല. അമ്മയോടും
മറ്റും വർത്തമാനമറിയിക്കപ്പെട്ടു. അടുത്ത ഒരു ദിവസം
ഞാനിങ്ങോട്ടു വരുന്നുണ്ടു്; അന്നു വരാം. അതാണു ന
ല്ലതു്.

കുട്ടൻനമ്പ്യാർ —എന്നാലങ്ങനെയാവട്ടെ. ഇനിമേൽ എ
ന്താണു നിങ്ങൾ വിചാരിക്കുന്നതു്?

എളയതു് ഒന്നും മറുപടി പറയാതെ കാര്യത്തിന്നു
ദയനീയമായി മാധവന്റെ മുഖത്തേക്കു നോക്കി.

മാധവൻ—ഇന്റർമീഡിയറ്റിനു ചേരാൻ സാധിക്കയില്ലെന്നാണ് എളയത് പറയുന്നതു്!

കുട്ടൻനമ്പ്യാർ—അങ്ങിനെയോ! പിന്നെയെന്തു ചെയ്യാൻ പോകുന്നു?

മാധവൻ—സംസ്കൃതവും ആയുർവ്വേദവും പഠിക്കാനാണുഭാവം!

നമ്പ്യാർ ഉറക്കെച്ചിരിച്ചു. എളയതും, ഉള്ളിലുള്ള വ്യാകുലതയെ ഒരുവിധം ഒതുക്കിക്കൊണ്ട്, അവരോടുകൂടെ ഒന്നു ചിരിക്കതന്നെ ചെയ്തു. ഇംഗ്ലീഷ് പഠിപ്പിക്കുവാൻ തന്നെ എളയതിനൊരായുഷ്കാലം വളരെക്കഷ്ടപ്പെട്ടിട്ടുണ്ടെന്നും, ഇനിയും പഠിപ്പിക്കുവാൻ അദ്ദേഹത്തിനു തീരെ സാധിക്കയില്ലെന്നും, ഒരു വൈദ്യനാകുന്നതായാൽ നല്ല സമ്പാദ്യമുണ്ടാകുമെന്നും മററുമാണ് അദ്ദേഹത്തിന്റെ പ്രത്യാശയെന്നും മററും മാധവൻ നമ്പ്യാരോട് വിസ്തരിച്ചു പറഞ്ഞു. എന്നാൽ, ഒരു വൈദ്യനാകുവാൻ,— വിശേഷിച്ചും ഒരു നാട്ടുവൈദ്യനാകുവാൻ— എളയതിന് അശേഷവും രുചിയില്ലെന്നും മാധവൻ തന്നെ പറഞ്ഞു. എളയത് ഈ അവസരത്തിൽ കേവലം മൌനിയായി ഇരുന്നതേയുള്ളു.

കുട്ടൻനമ്പ്യാർ—എളയതേ, ഇപ്പോൾ ഇതിനെപ്പററി അധികമൊന്നും ആലോചിച്ചു മനസ്സു പുണ്ണാക്കേണ്ട. അടുത്ത ദിവസം എളയതായാലും ഇരുന്നിട്ടു വരാമല്ലോ. അപ്പുറം നമുക്കെല്ലാം തീർച്ചപ്പെടുത്താം.

* * * * * *

അന്ന്, ഷൊറണൂർ മെയിലും ഫ്രാൺസാകളും ഒന്നിടം ഇസ്റ്റേഷനിൽവെച്ചാണ മാറാറുള്ളത്. നേരം വല്ല ഉച്ച!

ആകാശമേ താരാവലികളും കാല-
പ്രഭാതത്തിങ്കൽ ഭൂതലം മറപ്പാൻ,
ശരൽകാലപക്ഷ്മമേഘാടത്യുഗ്ര-
ഭൈര്യാനലജ്വാല വഷിയുന്നോ!

കൊട്ടവിടിലെവാരെ വെയിൽ. ആഫ്രിക്കയിലെന്നും ഇങ്ങ് ലേ ട്ടിൽതന്നെ തലയിലുള്ള കടിപ്പിനാലുള്ള വെള്ളം ഒപ്പലും വരുടെ ദുഃഖിക്കുന്ന്. കാപ്പി, ചായ മുതലായ പാനീയങ്ങൾ കഴിച്ച പാന്ഥന്മാർ പിപാസയുപ്പൂർവ്വാധിക്യം വർദ്ധിപ്പിക്കുന്നു. വണ്ടികളുടെ വാവും കാള്ളു ജനങ്ങൾ അവിടെ പുതിയവരാതിലൊരുള്ളും. എല്ലായ്പ്പോഴും സാധാരണം, അടുത്ത സന്നിധാനത്തിൽ വന്നുചേരുന്ന ദേവർപാടിന കൊണ്ടു ദൃശ്യനിച്ചുകൊണ്ടും, പല വിഷയങ്ങളെയും പരാമർശിച്ചുകൊണ്ടു യഥേഷ്ടം ക്രമവുമില്ലാതെ പലരും നാനാവിധവികാരങ്ങളോടുകൂടി സല്ലപിച്ചുകൊണ്ടും, ഒരു കടയിൽ ശിരസ്സ് മാത്രം വെയിൽ കൊള്ളാതെ സൂക്ഷിച്ചുകൊണ്ടും ആ ലഘുസന്താപമായ ആതപത്തിൽ അസ്വാസ്ഥ്യമില്ലാതെ അങ്ങിനെ ഉലാത്തുന്നു. കാറ്റു കഴിഞ്ഞപ്പോഴേക്ക് എന്നാലും മെയിൽ അവിടെ ആദ്യമായി വന്നു. പ്ലാറ്റ്ഫാറത്തിൽ നിന്നിരുന്ന ആളുകളിൽ പകുതിയിലധികം ഭാഗവും ആ വണ്ടിയ്ക്കുള്ളു ക്ഷമയില്ലാതെ ബദ്ധപ്പെട്ടു ചെന്നു കയറി കൂടിനിന്ന നസ്സിദ്ധ് ആരംഭിച്ചുതുടങ്ങി! എല്ലായ്പ്പോഴും ഇതാ, മാധവനെ വിളികയായി. കുട്ടൻനായർ അവനുടെ ഒരുട്ടു ചെന്ന് ഒരു രണ്ടാംക്ലാസ്സ്ശീട്ട് എളയതിന്റെ കൈയിൽ കൊടുത്തു. നായർ ടിക്കറ്റ് വാങ്ങിക്കൊടുക്കുന്നതു തന്നെ എളയതിനു സമ്മതമായിരുന്നില്ല. എന്നാൽ, അതിൽ വി

പ്രതിപത്തി കാണിച്ചതു്, മാധവന്റെ വിശ്വാസം ഉണ്ടാകുവാനു മാത്രമാകുന്നതാണ്. പക്ഷേ, ഈ ഇങ്ഗ്ലീസ്സ്ഷർട്ടിൽ എളയതിന്നു മനസ്സിൽ ഒരു വൈരസ്യം തോന്നി. എന്നിട്ടു പറഞ്ഞു:

എനിക്കു ഇങ്ഗ്ലീസ്സ്ഷർട്ട് ഏതായാലും ഭംഗിയായി തോന്നില്ല. ഇതെല്ലാം അനാവശ്യമാണെന്നു ഞാൻ പറഞ്ഞാൽ മാധവൻ വെറുതെ മുഷിഞ്ഞേക്കും. നിങ്ങളൊക്കെ വലിയ പണക്കാർ. എന്നാൽ ഈ ഇങ്ഗ്ലീസ്സിൽ ഒരു പരിചിതൻ കാണുന്നതായാൽ പരിഹാസം ഉണ്ടാവാതിരിക്കയില്ല.

മാധവൻ — അതല്ലാ നോക്കേണ്ടതു്! നമ്മുടെ സൗകര്യവും സുഖവുമാണ്. നിങ്ങളുടെ അച്ഛൻ ബുദ്ധിമുട്ടി അയച്ചുതരുന്ന പണം ചെലവിട്ടു നിങ്ങൾ ഇങ്ഗ്ലീസ്സ്ഷർട്ടു വാങ്ങുകയില്ല. അതു പാടില്ല താനും. എന്നാൽ, മറ്റു വല്ലവരും വാങ്ങിത്തന്നാലും അതിലിത്ര വൈരസ്യം!

എളയതു് — വേറെ വല്ലവരുമോ!! അങ്ങിനെയാണെങ്കിൽ ഞാൻ ഇത്തരം സൽക്കാരങ്ങളും സ്വീകരിക്ക തന്നെയില്ലല്ലൊ. മാധവൻ എന്നു പറഞ്ഞാൽ ഞാൻതന്നെ. കുട്ടൻനമ്പ്യാരാകട്ടെ, എനിക്കു ജ്യേഷ്ഠനെപ്പോലെയുമാണ്.

എളയതു് ഇപ്പറഞ്ഞതിൽ മുഖസ്തുതിയുടെ ഒരു സ്പർശമെങ്കിലും ഉള്ളതായി വായനക്കാർ കരുതരുതു്; ഇതിൽ മുഖസ്തുതിയുടെ ഒരു കണിക പോലുമില്ല. പക്ഷേ,— എളയതു് നമ്പ്യാരെ ഒരു ജ്യേഷ്ഠനായിക്കരുതുന്നുവെങ്കിലും, നമ്പ്യാർ നേരെ മറിച്ചു് എളയതിനെ തന്റെ ഒരു വിശിഷ്ടാ

പരോപകാരമായിട്ടാണു വിചാരിച്ചുവരുന്നതു്. കൃഷ്ണപ്പി ള്ളയുടെ അഭിപ്രായത്തെ ആദരിച്ചപ്പെടുകയും ഒന്നി നോടു സർവ്വാത്മനാ യോജിക്കുകയുമാണു നമ്പ്യാരുടെ പ തിവു്.

മാധവനു പിന്നെയും പലതും പറയുവാനുണ്ടായിരു ന്നു. ഷൊറണ്ണൂർ ട്രെയിൻ വന്നതു് അവരുടെ സംഭാഷണ ത്തിനു വിഘാതകമായിത്തീർന്നു. എന്നാലും ട്രെയിൻ പുറപ്പെടുകയായി. ആ സുഹൃത്തുക്കളുടെ വിശ്ലേഷത്തെ സൂചിപ്പിക്കുന്ന മണിനാദം മുഴങ്ങി. ഗാർഡിനു യാതൊരു സംശയവുമുണ്ടായില്ല; ആയാൾ സംജ്ഞ കാണിച്ചു. ധൂമപി ണ്ഡങ്ങളെ വമിച്ചുകൊണ്ടു വണ്ടി യാത്രയാരംഭിച്ചു. ഹൃദയ ത്തിൽനിന്നു തിങ്ങി നിശ്വാസങ്ങളും ആ ധൂമരാശിപോലെ ഗാ ഢങ്ങളും മഹത്തരങ്ങളുമായിരുന്നു!

രണ്ടാമദ്ധ്യായം.

തൃശ്ശൂരിൽനിന്നു് എട്ടൊമ്പതു നാഴിക തെക്കുകിഴക്കാ യി 'പുതുക്കാടു്' എന്ന ഒരു വില്ലേജുണ്ടു്. ആ പ്രദേ ശം വലിയ കേൾവികേട്ട ഒന്നല്ലെങ്കിലും, കോമത്തു രാമൻ നമ്പ്യാർ കൊച്ചിരാജ്യമൊട്ടാകെ പേരുകേട്ട, ഭാഗ്യവാനാ യ ഒരു വയോവൃദ്ധനാകയാൽ, ആ വില്ലേജ് അദ്ദേഹത്തി ന്റെ ആധാരത്തിലും സംക്രമിച്ച് പുതുക്കാട്ടുവില്ലേജും പല ർക്കും പരിചിതമായിത്തീർന്നിട്ടുണ്ടു്. രാമൻനമ്പ്യാർക്കു പാഠ ശാലകളിലോ മറ്റോ വിദ്യാഭ്യാസം ചെയ്യുവാനുള്ള സന്ദർഭം ഭാ

ച്ചിട്ടില്ല. പക്ഷെ വയസ്സു പ്രായമായപ്പോഴെത്തന്നെ താൻ വീട്ടിലെ കാരണവരായിക്കഴിഞ്ഞു. എന്നാലും, കരയൊക്കെ ലോകപരിചയവും ധാരാളം കാര്യനിർവ്വഹണനിപുണതയും അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തിന് ഇപ്പോൾ അമ്പതാണ്ടു വയസ്സായിരിക്കുന്നു. ഭാര്യയും പണ്ടാരവകയുമായി, കോമത്തു തറവാട്ടിലേയ്ക്കു സ്വന്തം അൻപതിനായിരം പറ്റത്തിനുള്ള ഭൂസ്വത്തുണ്ട്. ഇതെല്ലാം സമ്പാദിച്ചതു രാമൻനമ്പ്യാർ തന്നെയാണ്. നമ്പ്യാർ വലിയ പിശുക്കനാണ്; എങ്കിലും, മഹാദയാലുവുമത്രെ. ഇദ്ദേഹത്തിന്റെ മരുമക്കളിൽ ഒരാളാണ് കുഞ്ഞൻനമ്പ്യാർ. മാധവൻ, രാമൻനമ്പ്യാരുടെ രണ്ടാംതലമുറ മരുമകനാണ്.

കോമത്തു വീട്ടിലെ മററു ചിലരേയും കൂടി വായനക്കാർക്കു പരിചയപ്പെടുത്തിക്കൊള്ളുന്നു:

വീട്ടിലെ തറവാട്ടമ്മ രാമൻനമ്പ്യാരുടെ അമ്മ തിയ്യാരാണ് വൃദ്ധയായ കുഞ്ഞിക്കുട്ടിയമ്മ. ആ സ്ത്രീ അഞ്ചു പ്രസവിച്ചു് എട്ടു മക്കളുണ്ടായി! എന്നാലും, അവരിൽ ആ വൃദ്ധയ്ക്കു് അവശേഷിച്ചതു്, പ്രഥമപുത്രിയായ ദേവകിയമ്മയും ഒടുക്കത്തെ മകനായ കുഞ്ഞൻനമ്പ്യാരും മാത്രം; മധ്യവർത്തികളായ മൂന്നു കുട്ടികളും, പിഞ്ചായിരിക്കെത്തന്നെ പരലോകമടഞ്ഞു!! —

മുളയിൽത്തെരിയും നിലത്തിലും
വിളവില്ലാതവിടത്തു ജന്മം!

ദൈവത്തിന്റെ ദുഃഖപൂർണ്ണമായ ശാസനകൾ! കുഞ്ഞിക്കുട്ടിയമ്മയുടെ 'കർമ്മവിപാകപ്രായശ്ചിത്തം' ഇതുമാത്രംകൊണ്ടും പര്യാപ്തമായില്ല: നമ്മുടെ കുഞ്ഞൻനമ്പ്യാർ ആറാഴ്ച വയസ്സു മാ

ശം പ്രായമുള്ള ഒരു ബാലനായിരിക്കുന്ന കാലത്തുതന്നെ, കുഞ്ഞുകുട്ടിയമ്മയ്ക്കു വൈധവ്യദുഃഖവും വന്നുചേർന്നു!

ദേവകിയമ്മയുടെ ഏകപുത്രനാണു മാധവൻ. ഹാ, കഷ്ടം! അച്ഛന്റെ സ്നേഹംകൊണ്ടുള്ള ദുസ്സഹമായ പരിലാളനത്തെ നുകരുവാനിടയാകാതെ, ഭർത്താവിന്റെ അകാലമരണം, യുവതിയായ ദേവകിയമ്മയുടെ ആ സുഖസ്വപ്നങ്ങളെത്തന്നെ ധ്വംസിപ്പിച്ചു! പക്ഷേ, ഭാഗ്യംകൊണ്ടു പരിപൂർണ്ണാരോഗ്യത്തോടുകൂടിത്തന്നെ നമ്മുടെ മാധവൻ വളർന്നുവന്നു.

കുഞ്ഞുകുട്ടിയമ്മയുടെ അനുജത്തിയുടെ പുത്രന്മാരാണ് അപ്പുനമ്പ്യാരും പരമേശ്വരനും. ഇവർക്ക്, ഏഴു വയസ്സു മാത്രം പ്രായമായ ഒരു സഹോദരിയുമുണ്ട്. ലീല എന്നുള്ള ബാലികയാണ്, രാമൻനമ്പ്യാർ പറയാറുള്ള "കോമളതാരാട്ടിലെ അല്പസന്തതി!"

അവരുടെ അമ്മാവന്മാർ വലിയ വലിയ പരീക്ഷകളെല്ലാം ജയിച്ച് മജിസ്ട്രേട്ട്, പോലീസ് കമ്മീഷണർ, ഡിവാൻ പേഷ്കാർ തുടങ്ങിയ ഉദ്യോഗസ്ഥന്മാരായിത്തീരുന്നു തറവാട്ടിലെ കാരണവരായ ഒരു നമ്പ്യാരായിരുന്ന രാമൻനമ്പ്യാർ എല്ലാ മരുമക്കളേയും ഇംഗ്ലീഷ് സ്കൂളിലേയ്ക്കയച്ചുതുടങ്ങി. എന്നാൽ, നമ്പ്യാരുടെ ആഗ്രഹങ്ങളിൽ ഒന്നും, ഇതുവരെ, ഒന്നു മുഴുവൻ പടവും പന്തലിച്ചു കയറുകയുണ്ടായിട്ടില്ല; മുളയിൽത്തന്നെ കരിഞ്ഞ കാച്ച പടർപ്പു മുരടിച്ചു നഷ്ടപ്രായമാവുകയാണു ചെയ്തിട്ടുള്ളതു്! മരുമക്കളിലാരുടെയെങ്കിലും ബുദ്ധിമാന്ദ്യം ഒരാശ്ചര്യം തന്നെ അതിനുത്തരവാദമായിട്ടില്ല; അവരെല്ലാം പെൺകുട്ടികളാണ്. പക്ഷേ, ഭാഗ്യാതിരേകമെന്ന ഉദ്യോഗസ്ഥവർഗ്ഗ

ത്തിൽനിന്നു തന്നെ തിരഞ്ഞെടുപ്പാൻ രാജ്ഞിമാർ അ ശ്രാന്തപരിശ്രമം ചെയ്യാറുണ്ട്. അക്കാര്യം അത്യാവശ്യമായ ചെല്പിനും തന്നെ സാധിച്ചുപോന്നിട്ടുണ്ട്. കുമാരന്മാരും അപ്പന്മാരും കൂടെ ഗ്രന്ഥങ്ങളിൽ മാത്രം പഠിച്ചു വശ്യാ ശ്രയത്തെ അവസാനിപ്പിച്ചു. ഇപ്പോൾ ഇവർ വീട്ടിൽ തന്നെയിരുന്ന്, പലതരങ്ങളിലായി പണം പലിശക്കു കൊടുക്കുന്ന മാതിരി പണമുണ്ടാക്കുന്ന വഴിയിലാണ്. വിദ്യാഭ്യാസത്തിൽനിന്നു ലഭിക്കുന്നതിലും ധനാഗമമാർഗ്ഗത്തിൽ സക്രിയമായിരുന്ന ഭാഗങ്ങളുടെ ഈ ശ്രദ്ധ താഴന്മാരുടെ ഗൃഹം സൈന്യപ്രകാശിപ്പിക്കുന്നുണ്ട്. നാരായണൻ മാധവൻ മരുമകനാണ്, ഇവൻ തന്റെ വലിയമ്മാമന്റെ രക്ഷിതത്തിലാണത്രെ ഭക്ഷിച്ചു വരുന്നതു്.

മാധവൻ, പ്രിയസഖിയുടെ കത്തു വായിച്ചു മടങ്ങിയിട്ട് ദിവസം പതിനഞ്ചായി. അതിനിടയിലിട്ടു നാലാം ഒരു ദിവസം മാധവന് അവളുടെ ഒരു കത്തു കിട്ടി.

മദിരാശി,

സ്നേഹിതാ, 9-4-1916.

ഞാനു ദിവസമായി എന്റെ പ്രിയന്റെ എഴുത്തു കാത്തുകൊണ്ട് തന്നെ ഇരിക്കുന്നു. ഇത്രനാളായി നിന്റെ വിശേഷത്തിനും ഒരു എഴുത്തുമായിരുന്നില്ല. അതുകൊണ്ട് നിന്നെക്കുറിച്ചു കത്തെഴുതുവാനായി തോന്നുന്നത്.

സാധാരണമായി, പരീക്ഷ കഴിഞ്ഞു കിട്ടുന്ന ഈ വെക്കേഷൻ വിദ്യാർത്ഥികൾക്ക് സ്വച്ഛന്ദ സല്ലാപകരമായ ഒരവസരമാണ്. പരീക്ഷയ്ക്കുള്ള പഠിപ്പു ക്ലേശങ്ങളും കലം പഠിപ്പു നിരീക്ഷണമെന്ന കോലാഹലം കഴിഞ്ഞുപോകുന്നു. പരീക്ഷ കഴിഞ്ഞ പരം പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി ഗ്രീഷ്മ ദിവസങ്ങളെല്ലാം, [illegible] ഞാൻ നിർഭാഗ്യമായിരുന്നു!

എന്റെ അച്ഛൻ ഒരു മഹാവിദ്യാപ്രവാഹത്തെ ഒരു ചെറുകൈത്തോടിലൂടെ ഒഴുക്കുവാൻ തന്നെ തീർച്ചപ്പെടുത്തിയിരിക്കയായിരുന്നു; വളരെ ചെറുപ്രായത്തിൽത്തന്നെ ഞാൻ പട്ടണത്തിൽ സംസ്കൃതകോളേജിൽ ചെന്നു ചേരണമെന്നും മറ്റും അച്ഛൻ ഉറച്ചുകഴിഞ്ഞിരിക്കയായിരുന്നു! കഷ്ടം! ഏതാണ്ടു പതിനാലു വയസ്സു മാത്രം പ്രായമായ ഞാൻ, ഇതിനിടെ, ഒരു വിവാഹം കഴിപ്പാൻ ശ്രമിച്ചാലോ എന്നും ആലോചിച്ചു. എന്നാൽ, ഒരു ഭാര്യയുടെ വിദ്യാഭ്യാസവിഷയത്തിൽ സഹായിപ്പാൻ സാധിക്കുന്ന ഒരു കന്യകയെ തിരഞ്ഞിട്ടും ഞങ്ങളുടെ സമുദായത്തിൽ കണ്ടില്ല. എന്റെ അധികം പറയുന്നു: ശ്രീരാമനാട്ടത്തിൽ കരുണാകര

പ്പണിക്കരും ഞാനും കൂടി ഇന്നു രാവിലെ ഉണ്ടായ ഒരു സം
ഭാഷണം, എന്റെ ജീവിതചരിത്രത്തിൽ ഒരു ഭാഗ്യവിധി ന
ന്നു ഇന്നു കണ്ടിരിക്കുന്നു: ഭാഗ്യം!

പണിക്കരുടെ അനുജനായ ... പാലക്കാട്ട് പഠിക്കുന്നുണ്ട്. അവരോടൊന്നിച്ച് അവിടെ ... പഠിപ്പിക്കാമെന്ന് പണിക്കർ എന്നോടു പറഞ്ഞിരിക്കുന്നു. എന്റെ മനോരഥങ്ങളെല്ലാം മനസ്സിലാക്കിയിട്ടാണ് അദ്ദേഹം എന്നോടിങ്ങിനെ പറഞ്ഞത്. ഇനി ... പാസ്സാകുന്നതുവരെ ... പഠിപ്പിക്കാമെന്നും, ... ഞാൻ ... പണിക്കർ സമ്മതം പറഞ്ഞിരിക്കുന്നു.

ഞാൻ നാളെ രാവിലെ പുറപ്പെടണമെന്നു വിചാരിക്കുന്നു. പക്ഷേ, അമ്മയും ... വിട്ടയക്കുമോ എന്നു ... നിശ്ചയമില്ല. അമ്മ, വലിയമ്മമാർ, ... ഇവരെല്ലാം ... സമ്മതിപ്പിക്കണം.

എന്നു സ്വന്തം സ്നേഹിതൻ —

ഏ. കെ. എഴുത്ത്.

* * * * * *

കേശവമേനോൻ പാലക്കാട്ട് ... സ്കൂളിൽ ... മാധവന് അദ്ദേഹത്തെ അനുസരിച്ചു പാലക്കാട്ടു തന്നെ പോവാൻ തരപ്പെട്ടതിൽ സന്തോഷമായി. പാലക്കാട്ടായാൽ ചെലവ് ഇരട്ടിക്കുമെന്നും മറ്റും പറഞ്ഞു മാധവനെ അവരുടെ വലിയമ്മമാർ ...

ന്മാരുടെ എന്തെങ്കിലും [illegible].

* * * * * *

[illegible] 'ബർദ്ദിയിയ' [illegible] പ്രത്യേക [illegible] വിദ്യാർത്ഥികളായി. അതിന്റെ [illegible] വൈദ്യശാസ്ത്രം പഠിക്കുവാനാണ് [illegible]. [illegible] അത്ര [illegible] [illegible] [illegible] പഠിപ്പുണ്ട് [illegible] [illegible]. പക്ഷേ, [illegible] [illegible] വിപരീതമായി [illegible] [illegible], [illegible] [illegible] [illegible] പഠിപ്പുകളുടെ [illegible] [illegible]. [illegible] എം. ബി.- (M. B. & B. S.) [illegible] [illegible], [illegible] ക്ലാസ്സിൽ എം. ബി. [illegible] കിട്ടുന്നതാൽ [illegible] [illegible].

[illegible] എളുപ്പത്തിലുള്ള [illegible] — [illegible] വിദ്യാഭ്യാസത്തെപ്പറ്റിയിൽ വിധിച്ചു [illegible] കുട്ടിയിലുള്ളവൻ തീർച്ചപ്പെടുത്തി: ബി. എ- ക്ലാസ്സിൽ [illegible] [illegible] സ്കോളർഷിപ്പ് കിട്ടി. [illegible] ക്ലാസ്സിൽ പഠിക്കുന്നതിനുള്ളത് ശരിയാണെന്ന് [illegible], [illegible] ക്ലാസ്സിൽ [illegible] [illegible] [illegible] കാണപ്പെട്ടില്ല. പിന്നെയും [illegible] പ്രാധാന്യം [illegible] [illegible] [illegible] [illegible] [illegible] വീണ്ടും ധനസഹായം ചെയ്യാൻ [illegible] [illegible] [illegible] അങ്ങനെ ചെയ്യുവാനും. [illegible], എളുപ്പത്തിന്

ഇക്കാലമത്രയും തന്റെ ഉപന്യാസവിശേഷംവഴിയ്ക്കും കീ ൎത്തി സമ്പാദ്യം തുടങ്ങിയിരിക്കുന്നു: നമ്മുടെ കേശവനെല്ലായത്, മദ്രാസ്സിൽ പ്രെസിഡെൻസി കോളേജിൽ ബി. ഏ. ക്ലാസ്സിൽ പഠിച്ചുവരുന്നു.

മൂന്നാമദ്ധ്യായം.

ക്രിസ്തുമസ്സ് കാലം! ക്രിസ്തുവർഷാവസാനമായി കഴിഞ്ഞു. കോളേജുകളും സ്കൂളുകളുമെല്ലാം അടച്ചിരിക്കുന്നു. ക്രിസ്തുമസ്സ് കാലം, വിദ്യാർത്ഥികൾക്ക് അവരവരുടെ ദേഹത്തിനും മനസ്സിനും വിശ്രമവും വിനോദവും നല്കി വീണ്ടും ചൊടിയും ഉന്മേഷവും ഉണ്ടാക്കുവാൻ ഏറ്റവും പറ്റിയ ഒരു സമയമാകുന്നു. അങ്ങിനെ ഉന്മേഷത്തോടുകൂടി ഒരു പുതിയ പിടിപ്പിക്കുന്നതു അവൎക്ക് അത്യാവശ്യമാണല്ലോ. കാരണം, ക്രിസ്തുമസ്സിനു ശേഷമുള്ള രണ്ടുമൂന്നു മാസത്തെ പഠനവും പരിശ്രമവുമാണ് അടുത്തു വരുന്ന പരീക്ഷയുടെ ഫലത്തെ നിശ്ചയിക്കുക. നമ്മുടെ കേശവനെപ്പോലുള്ള, കഴിഞ്ഞ ക്രിസ്തുമസ്സവധികാലത്തു സ്വഗൃഹത്തിൽ പോയി മടങ്ങിവന്നു ഇന്നിതാ, ഒന്നാമത്തേക്കാൾ കൊല്ലപ്പരീക്ഷയ്ക്കു പഠിപ്പു തീർന്നടത്തോളം പാഠങ്ങളെ ശ്രദ്ധയോടെ പുനഃസ്വീകരിക്കുന്നതായി നാം കാണുന്നു. ഇദ്ദേഹത്തിന്നും വിദ്യാർത്ഥിസാധാരണമായി എല്ലാവരും, ഉൾപ്പെടെ മിക്ക വിനോദങ്ങളിൽ പങ്കുകൊള്ളുകയും, പരീക്ഷ കഴിഞ്ഞു മടങ്ങിപ്പോകുമ്പോഴും അതിനു ശേഷവും തനിക്കു സ്വഭാവിച്ചു

ദാനമുള്ള നാനാവിധസരസവിനോദങ്ങളെ 'സ്വപ്നം കാണുക'യും ചെയ്യുന്നുണ്ട്. എന്നാൽ, കൊണ്ടുപിടിച്ച പരീക്ഷക്കു വായിക്കുന്ന ഈ ദിവസങ്ങളിൽ മലയാളത്തിലെക്കൊന്നാം ദേപാദകണ്ടിവരുമെന്ന് ഈ വിദ്യാർത്ഥി സ്വപ്നത്തിൽ ഇപ്പോലും വിചാരിച്ചിരുന്നില്ല.

കോഴിക്കോട്ടു മാമൻനമ്പ്യാരുടെ ഒരു കമ്പിമണിയോർഡർ ഏളയതിനെ വിവിധവിചാരങ്ങൾക്കടിമപ്പെടുത്തി. പണമപ്പിക അയച്ചിട്ടുണ്ട്! "ഉടനെ പുറപ്പെടുക!" എന്നും കമ്പിയിൽക്കാണുന്നു.

"മാമൻനമ്പ്യാരുടെ കമ്പിയോ! എനിക്കോ! പണമപ്പിക മാമൻനമ്പ്യാർ എനിക്കയയ്ക്കുകയോ! എന്തിനു്? 'ഉടനെ പുറപ്പെടുക!' ഉം-ഉം കോഴിക്കോട്ടു ഇപ്പോൾ എന്റെ സാന്നിദ്ധ്യം എന്തിനായിരിക്കാം? മരുകപ്പാടെ ഒന്നും മനസ്സിലാകുന്നില്ലല്ലോ! എന്തായാലും പോകാതിരിപ്പാൻ പാടില്ല. പണമപ്പികയും അയച്ചിരിക്കുന്നു! ഇനി പോകാതിരിക്കുന്നതെങ്ങിനെ? പോക തന്നെ; എന്തെങ്കിലുമാകട്ടെ!"

അന്നു തന്നെ മെയിലിന്നു ഏളയതു പുറപ്പെട്ടു. ചീട്ടു വാങ്ങി. പിറ്റേ ദിവസം ഉച്ച തിരിഞ്ഞു മൂന്നു മണിയാകുന്നതിന്നു മുമ്പ് ഏളയതു കോഴിക്കോട്ടുവീട്ടിലെത്തി. പൂമുഖം കയറിയ ഉടനെ കണ്ടതു ലീലയെയായിരുന്നു. ആ ബാലിക, ഒരു വെറും പുഞ്ചിരിയാൽ സ്വാഗതമരുളിക്കൊണ്ടു ദേവകിയമ്മയുടെ സമീപത്തിലേയ്ക്കു അദ്ദേഹത്തെ നയിച്ചു.

ഏളയതു്—എന്താ, ലീലേ, കമ്പിയടിക്കുവാൻ വിശേഷം?

ലീല—ഇല്ല; പരിഭ്രമിക്കാനൊന്നുമില്ല!

എളയതിന്റെ ഉള്ളൊന്നു തണുത്തു. ദേവകിയമ്മ അവിടെ എളയതിന്റെ വരവും കാത്തിരിക്കുന്നുണ്ടായിരുന്നു. എളയതു് വെയിലും കൊണ്ടു വലഞ്ഞു വരുമെന്നു കണ്ടു ദേവകിയമ്മ മുൻകൂട്ടിത്തന്നെ തയ്യാറാക്കി വെച്ചിരുന്ന ചെറുനാരങ്ങാവെള്ളം എളയതിനെ വീണ്ടും തണുപ്പിച്ചു. കാപ്പിയും പലഹാരവും കൊണ്ടുവരുവാൻ പോയ ദേവകിയമ്മ പറഞ്ഞറിഞ്ഞു്, വൃദ്ധയായ കുഞ്ഞുകുട്ടിയമ്മ എളയതിനെക്കാണ്മാൻ കേവലം മാനസികമായ ത്വരയോടുകൂടി അവിടെ പ്രവേശിച്ചു.

കുഞ്ഞുകുട്ടിയമ്മ — ഈ വെയിലത്തു് തന്നെ പോന്നോ? എന്തു ചൂടാണു്! ഒരു വണ്ടി കൊടുത്തയയ്ക്കാം.

എളയത് — കമ്പി കിട്ടിയപ്പോഴേ ഞാൻ വല്ലാതെ പരിഭ്രമിച്ചു. അതേ ഈ വണ്ടിക്കു തന്നെ പോന്നതു്. അല്ലെങ്കിൽ, ഷൊറണൂരിൽ താമസിച്ചു് ഊണു കഴിച്ചു പിന്നത്തെ വണ്ടിക്കു വരുമായിരുന്നുള്ളു.

കുഞ്ഞുകുട്ടിയമ്മ — അപ്പൊ ന്നു് ഉണ്ടിട്ടില്ല്യ?

എളയത് — ഇല്ല.

കുഞ്ഞുകുട്ടിയമ്മ — ലിരല, ആ എമ്പ്രാന്തിരിടെ മഠത്തിലു് ഏതിലും സാപ്പാടു കൊണ്ടു് കരാളോടു വേഗം പോവാൻ പറ.

എളയത് — ഇനി ഊണു് ഏതായാലും രാത്രി മതി. അവിടെ ഇരിക്കട്ടെ; വർത്തമാനങ്ങളൊക്കെച്ചോദിക്കട്ടെ.

കുഞ്ഞുകുട്ടിയമ്മ — കമ്പീല് ഒന്നും എഴുതീർന്നില്ല്യ? ഞാൻ ഒക്കെ എഴുതണം ന്നു് പറഞ്ഞിരുന്നു.

എളയത് — 'വേഗം വരണം' എന്നു മാത്രമേ കമ്പിയിൽ ഉണ്ടായിരുന്നുള്ളു. അതു പോകട്ടെ; കാര്യമെന്താണു്?

കുഞ്ഞുകുട്ടിയമ്മ — എന്താ, ഞങ്ങൾക്കു് ആയതു നിശ്ചയിച്ചു. ഒന്നു് ഉണ്ടു് ഭേദിച്ചുകൂടുന്നതിനു്. ഞങ്ങളെല്ലാം നാറിഞ്ഞിട്ടു് ആണു്. നീ വല്ലാൽ ദേവകി അറിഞ്ഞിട്ടുണ്ടായിരിക്കുമോ.

എന്നു് ശബ്ദം മൂലഷം തൊടാതെ ചിലരെല്ലാം പറഞ്ഞു്, പ്രസ്താവത്തിൽ പ്രവേശിക്കുന്നതിന്റെ മുഖവുരയായി ഒരു ചിരി ചിരിച്ചു. അപ്പോഴേക്കു ദേവകിയമ്മ കുപ്പിയും പലഹാരവും കൊണ്ടു് അവിടെയെത്തി.

കുഞ്ഞുകുട്ടിയമ്മ — ഇനി ദേവകിയുടെ പാട്ടു് നല്ലതു്. ഇനിക്കു് അതുകേട്ടു് അടിയന്തിരങ്ങൾ ഉണ്ടാവട്ടെ.

ദേവകിയമ്മ — നമ്മുടെ കൂട്ടരുടെ സംബന്ധം തീർച്ചയാക്കിയിരിക്കുന്നു. അതു നാളെയാണത്രേ. അതിനു നിങ്ങളുടെ ഇത്ര വേഗം കമ്പിയടിച്ചു വരുത്തിയതു്.

എളയതു് — ശിവശിവ! ഇങ്ങിനെയെന്നു് എന്റെ അമ്മച്ചനാൽ പെട്ടെന്നായില്ല. കമ്പി കിട്ടിയപ്പോൾ ഒരു വല്ലാതെ പരിഭ്രമിച്ചു. കാരണവരുടെയാണ് കമ്പിക്കൂട്ടത്തിൽ പറഞ്ഞുവച്ചിരിക്കുന്നു! അതുകൊണ്ടാണ് ഞങ്ങൾ എന്താ പിടിയും കിട്ടാതെ പോയതു്.

ദേവകിയമ്മ — നാട്ടുമര്യാദയ്ക്കു് ഉള്ളതിനെയല്ല വേണ്ടതു്. തറവാട്ടിൽ കാരണവരില്ല ഞങ്ങൾക്കുണ്ടോ? ഇവളുടെ കാര്യം അമ്മയോടു പറയണം. നിങ്ങളോടു ഈ നൽകാലം ബുദ്ധിമുട്ടു വരുത്തേണ്ട എന്നു ഞാൻ കൂട്ടരോടു പറഞ്ഞു് അയപ്പിച്ചതാണ്.

എളയതു് — അതുകൊണ്ടു് വധുവിനെ മനസ്സിലായില്ലല്ലോ.

ദേവകിയമ്മ — ഞങ്ങൾക്കും അത്രയ്ക്കു മനസ്സിലായിട്ടില്ല. നിങ്ങളുടെ നാട്ടുകാരത്തി തന്നെയാണ്.

പ്രേമമതി — എന്റെ നാട്ടുകാരത്തിയോ? ഏതാണ വീട്?

ദേവകിയമ്മ — മാലിൻപാവത്ത് എന്നാണ് വീട്ടുപേര്; താമരശ്ശേരിയിലാണ്. നിങ്ങൾ അറിയില്ലേ?

പ്രേമമതി — ഞാൻ കേട്ടിട്ടുണ്ട്. അവിടെ ആരെയും ഞാൻ അറിയില്ല.

കുഞ്ഞുകുട്ടിയമ്മ — പ്രേമമതി അവിടെപ്പോയിട്ടില്ലേ?

ദേവകിയമ്മ — അറിയാൻമാത്രം ആരുമില്ല; വയസ്സനായ ഒരു കാരണവര് അവിടെപ്പുരുഷനായിട്ടുള്ളൂ; മറ്റുള്ളവരൊക്കെ സ്ത്രീകളാണ്.

പ്രേമമതി — ഞാനവിടെപ്പോയിട്ടില്ല. താമരശ്ശേരി എന്ന സ്ഥലം ഇല്ലത്തുനിന്ന് ഏകദേശം നാഴിക വടക്കാകുമെന്ന്. അത്ര മാത്രം അറിയാം. അപ്പോൾ, ആർവഴിയ്ക്കാണ് ഇതിന്റെ ആലോചന നടന്നത്?

ദേവകിയമ്മ — ആ വീട്ടിലെ കാരണവരാണ് ഇതിന്റെ ഒക്കെ ആള്; അയാളുടെ മരുമകനാണ്.

പ്രേമമതി — രാമൻനമ്പ്യാര് ഇതിനു വേഗം സമ്മതിച്ചതെങ്ങിനെ?

ദേവകിയമ്മ — ഇപ്പോഴത്തെ വിദ്യകൊണ്ട് അമ്മാമ വല്ലാതെ പേടിച്ചിട്ടാണിരിപ്പ്. ഇംഗ്ലീഷിലായാൽ ഇഷ്ടപ്പെടാതെ കഴിയില്ല എന്നാണ് അമ്മാമന്റെ പോക്ക്. ഇങ്ങനെ തരം ഇനി കിട്ടില്ലെങ്കിലോ എന്നു വെച്ച് വേഗം സമ്മതിച്ചു. പിന്നെ, ആ ചെറുക്കനും വല്ലാത്ത മിടുക്കൻ!

പ്രേമമതി — കുട്ടൻനമ്പ്യാര് കുട്ടിയെക്കണ്ടുകഴിഞ്ഞുവോ? വിവാഹത്തിന്ന് പൂർണ്ണസമ്മതം തന്നെയാണോ?

ദേവകിയമ്മ — ആ ആശാൻ ഒരു ഛായ കൊണ്ടുവന്നിരുന്നു. അതു കുട്ടനു പിടിച്ചുവെന്നാണു തോന്നണതു്. പിന്നെ, അമ്മാമനോടു മറിച്ചു വല്ലതും പറയാനുള്ള ധൈര്യവും കുട്ടനുണ്ടോ?

ഇതു പറഞ്ഞു ദേവകിയമ്മ വധുവിന്റെ ആ ഛായാപടം പെട്ടിയിൽനിന്നെടുത്തു് ഏളയതിന്റെ സമീപത്തു വെച്ചുകൊടുത്തു. അതിൽ പ്രതിഫലിച്ചിരുന്ന തരുണീമണിയിൽ, തീർച്ചയായും കണ്ണഞ്ചിക്കുന്ന കമനീയകവിശേഷം കളിയാടിയിരുന്നു. കുട്ടൻനമ്പ്യാരെപ്പോലെയുള്ള ചെറുപ്പക്കാർ ഇത്തരമായ സൌന്ദര്യവിശേഷത്തിനു വിചാരമെന്നിയേ കീഴടങ്ങിപ്പോകുമെന്നു് ഏളയതിന്റെ അന്തരംഗം അഭിനന്ദിച്ചു. നാലഞ്ചു നിമിഷം നേരം നോക്കിയതിനു ശേഷം ഇങ്ങിനെ ചോദിച്ചു:— "പേരെന്താണു്?"

ദേവകിയമ്മ — കാർത്ത്യായനിക്കുട്ടിയെന്നോ മറ്റോ ആണു്.

ഏളയതു് — അവർ നല്ല തറവാട്ടുകാരായിരിക്കും; അല്ലേ?

ദേവകിയമ്മ — തരക്കേടില്ലെന്നാണു് ആ ആശാൻ പറഞ്ഞതു്.

ഏളയതിനു ചോദിച്ചറിവാനുള്ളതെല്ലാം കഴിഞ്ഞു. അദ്ദേഹം, എന്തോ? —, ഒരു നോവലിലെയ്ക്കു വേണ്ടുന്ന 'പ്ലോട്ടുകളെ' കണ്ടുപിടിക്കുന്ന കഥാകാരനെപ്പോലെ, തദ്ഗ്രഹണത്തിനു സമർത്ഥമായ തന്റെ ബുദ്ധിയെ പ്രവർത്തിപ്പിച്ചുതുടങ്ങി. എന്നാൽ, മൌനം ദീക്ഷിച്ചു മനസ്സിരുത്തുവാൻ, അമ്മയും മകളും ഏളയതിന്നിട കൊടുത്തില്ല:

ദേവകിയമ്മ — മാധവന്റെ എഴുത്തു കിട്ടാറില്ലേ?

ഏളയതു് — ഉവ്വ്; മിനിഞ്ഞാന്നു കൂടി ഒരെഴുത്തുണ്ടായിരുന്നു:

ദേവകിയമ്മ — വിശേഷിച്ചൊന്നും ല്ല്യല്ലൊ?
ഏളയത് — ഇല്ല്യ; സുഖം തന്നെയാണ്.
കുഞ്ഞുകുട്ടിയമ്മ — ഉണ്ണി ചിന്ന്യൽ ഞാൻ അവനെ സൊപ്നം കണ്ടായി!
ദേവകിയമ്മ — നിങ്ങൾ ധനുമാസത്തിൽ നാട്ടിലെയ്ക്കു വന്നിട്ടില്ല്യ?
ഏളയത് — വരാറായില്ല്യ.
ദേവകിയമ്മ — ഇവിടെ വരാഞ്ഞതെന്തെ? അല്ല്യെങ്കിൽ, നമ്മളെക്കാണാനാണ് അല്ല്യ?

മാധവൻ അക്കാലത്ത് അവിടെയുണ്ടായിരുന്നില്ല എന്നതിന്റെ സൂചനയായിരുന്നു ഇത്.

ഏളയത് — അതെന്നെയല്ല; ഇല്ലത്തു തന്നെ നാലഞ്ചു ദിവസമേ പാർത്തുള്ളൂ.——
ദേവകിയമ്മ — കഷ്ടം! ഞാനത്ര ഓർമ്മവെച്ചില്ല്യ. ഇപ്പൊ ഇല്ലത്ത്ന്ന് അങ്ങിനെയൊന്നും പോവാൻ പാടില്ല്യല്ലൊ! ഇന്നാളുണ്ടായല്ലൊ കുടിവെപ്പും മറ്റും കഴിഞ്ഞത്.

പിന്നെ ഏളയതിന്റെ പുതിയ ഗാർഹസ്ഥ്യത്തെ സൂചിപ്പിച്ചു. ഏളയത് കുറെ ചിരിച്ചു മാത്രം ചെയ്തു.

കുഞ്ഞുകുട്ടിയമ്മ — ഇപ്പൊ വയറ്റിലുണ്ടൊ?
ദേവകിയമ്മ — അമ്മ, അതുണ്ടാവുന്നമായിട്ടില്ല്യ; കുട്ട്യാണ്. (ഏളയതിനോട്.) വയസ്സെത്രയായി?
ഏളയത് — പതിനഞ്ച്......

പറഞ്ഞു മുഴുവനാക്കുന്നതിനു മുമ്പ്, കുട്ടൻനമ്പ്യാരും അപ്പുനമ്പ്യാരും പിന്നെ പരിചാരകരും അവിടെയ്ക്കു പെട്ടെന്നു കടന്നു വന്നു.

കുട്ടൻനമ്പ്യാർ— വേഷം മാറി വരവ് അസ്സലായി! ഇപ്പോഴും നിങ്ങളെ ലോകം മുഴുവനും അറിയുന്നില്ല!!

ദേവകിയമ്മ— എന്താണത്?

എളയത്— എന്ത്! വിസ്തരിക്കേണ്ടുന്നതില്ല: ഞാൻ കുട്ടൻനമ്പ്യാരെക്കുറിച്ചാണു പറഞ്ഞത്, ഇന്നു പരീക്ഷ കഴിഞ്ഞ മദിരാശിയിൽനിന്നു വരുന്നു; അതുപ്രകാരം വേഷം മാറിയിട്ടാണു വരിക; നിങ്ങളാരും എത്രകണ്ടാലും എന്റെ ശബ്ദം കേട്ടാലും തീരെ അറികയില്ല എന്നും വരാം. അതു ഉള്ളിൽ വെച്ചുകൊണ്ടു ഇപ്പോഴും കളിയാക്കുകയാണ്.

അപ്പുനമ്പ്യാർ— പരീക്ഷക്കു വായിക്കുന്ന തിരക്കിലും ഇത്തരം നേരമ്പോക്കുകൾ കെട്ടിവെച്ചിട്ടില്ലേ?

എളയത്— തീരെ കെട്ടിവെച്ചിട്ടില്ല; ഇതാ, ഒരു വെടിക്കുള്ള മരുന്നെല്ലാം ഇപ്പോഴും കൈയിൽക്കരുതിയിട്ടുണ്ട്.

"നിങ്ങളെ വലിയമ്മാമ വിളിക്കാൻ പറഞ്ഞു." എന്ന പരദേശവാസൻ ഈ രംഗത്തിന്നിടക്കു കടന്നു 'ധനാശി പാടിയ'പ്പോൾ, എളയത് എഴുന്നേറ്റു രാമൻനമ്പ്യാരുടെ അടുക്കലേക്കു പുറപ്പെട്ടു.

രാമൻനമ്പ്യാർ മാളികയുടെ ചുവട്ടിലെ വരാന്തയിൽ, കണക്കെഴുത്തുവകകളും മറ്റും തയ്യാറാക്കി വെച്ചിട്ടുള്ള ഒരു പഴയ മേശയുടെ മുമ്പിൽ ഒരു മരക്കസാലയിൽക്കുന്തിച്ചിരുന്ന്, കണക്കുകൾ പകർത്തിയെഴുതുന്ന ആൾക്കുപോലും മനസ്സിലാക്കുവാൻ ഇത്രയും പ്രയാസമുള്ള ഒരുതരം അക്ഷരവടിവിൽ 'പടുകുറിപ്പ്' എഴുതിക്കൊണ്ടിരിക്കയാണ്. മുഴുക്കെ ചളിയും ചേർന്നു മുഷിഞ്ഞും മങ്ങിയ ഒരു മഞ്ഞനിറം കലർന്നുള്ള ഒരു ഈരെഴമുണ്ട് അരയിൽച്ചുറ്റിയിട്ടുണ്ട്. ആ മുണ്ടു മേല്പോട്ടു തിരുകിത്തിരുകി, വയറുംകൊ

ന്റെ പൃഷ്ഠഭാഗം മിക്കതും അനാച്ഛാദിതമായിക്കാണപ്പെടുന്നു. അതിന്റെ കാരണമെന്തെന്നാൽ, അനന്യസാധാരണമായ ശൈത്യമാന്ദ്യത്തിന്റെ അടയാളമെന്നവണ്ണം, താമരവൽപ്പട്ടിയുടെ താഴെക്കാലം കോർത്തു കെട്ടിയിട്ടുണ്ട്. ഒരു ഭാഗത്ത്, പൊട്ടിപ്പോയ വള്ളിയുടെ പകരം, മണ്ണാൻ കാണാതെ വെച്ച ഒരു വെറും പോടുകൊണ്ട് ബന്ധിച്ച ഒരു കണ്ണട, ചെവിക്ക് 'ഉദരബന്ധം' കെട്ടിയ പോലെ വെച്ചിട്ടുണ്ട്. പഴുത്ത നാരങ്ങ, പത്തുകപ്പലു പോലെയുള്ള, കാതു കൂടെ, തലയിൽ തേയ്ക്കുന്ന എണ്ണയുടെ മഞ്ഞനിറം കലർന്ന് ഉരുളം മഞ്ഞയായിക്കാണപ്പെടുന്നു. അദ്ദേഹം, വെളുത്തു നന്ന മെലിഞ്ഞ ഒരാളാണ്.

താമർനമ്പ്യാർ എഴുന്നേറ്റ് നിന്നു മുഖം താഴെ വെച്ചു. കണ്ണടയും, പെട്ടെന്നഴിച്ചെടുപ്പാൻ കഴിയാതെ, തലയിലൂടെ ഊരിയെടുത്തു. എന്നിട്ട്, മുന്നിൽ നില്ക്കുന്ന എളയതിനെ നോക്കി, കാലത്താൽക്കൊണ്ട് കാരായം ചേതം പൊന്നാക്കാൻ തേഞ്ഞുപോയ പല്ലുകളും — പല്ലുകളോ, അതോ, തൊണ്ണുകളോ? 'തൊല്ലുകൾ' എന്നു പറഞ്ഞാൽ പോരി' — പുറത്തു കാണിച്ചു പടയൊഴിഞ്ഞുനറ്റ് ഒരു കൂട്ടത്തെഴുകൽ തൊഴുത് ഇങ്ങിനെ ആതിഥ്യം ചെയ്യിച്ചു:

താമർനമ്പ്യാർ — എന്തു കഥയാണ്! ഇരിക്കു, ആ കസാലയിലിരിക്കു! വന്നിട്ടധികം നേരമായോ?

എളയത് — ഇല്ല; വന്നു; കാപ്പി കഴിച്ചു: അത്രായ ആയുള്ളൂ.

താമർനമ്പ്യാർ — വിശേഷമൊന്നും അറിഞ്ഞില്ലേ? എന്താണ്ടാക്കുന്നത്? ഇരിക്കു!

എളയത് — അറിഞ്ഞു. ഞാൻ ഇന്നലെകേട്ടു: ഇവിടു ന്ന് ഇങ്ങിനെ നിന്നാലോ?

എളയതിന്റെ നിർബ്ബന്ധത്താൽ രാമൻനമ്പ്യാർക്കു തന്നെ കാരണവനായി ആസനപരിഗ്രഹം ചെയ്യേണ്ടിവന്നു; അനന്തരം പൂർവ്വസ്ഥാനത്തു കയറി പൂർവ്വസ്ഥിതി വിട്ടു വിശ്രമ സന്നാഹിയിൽ ഇരുന്നു. എളയതും, അടുത്തു കിടന്നിരുന്ന ഒരു ബെഞ്ചിന്മേൽ സ്ഥാനമുറപ്പിച്ചു.

രാമൻനമ്പ്യാർ— സ്ഥലം വളരെ ദൂരത്താണ്. എന്നാലും, ശിക്ഷയില്ലാതെ കഴിഞ്ഞുവല്ലോ എന്നാണ് സമാധാനം. ഇതു നോക്കു,— ഈ റെഗുലേഷൻ വന്നതിന്റെ ശേഷം എവിടെയും കശപിശ തന്നെ!

എളയത് — അതെ; അങ്ങിനെ തന്നെ.

രാമൻനമ്പ്യാർ— കുട്ടന്റെ നിർബ്ബന്ധംകൊണ്ടാണ് രണ്ടു കുറിയടിച്ചത്. വെറുതെ അഞ്ചാറുകൊല്ലം പണം ചെലവാക്കിച്ചു!

എളയത് — അതു സാരമില്ല.

രാമൻനമ്പ്യാർ— മാധവന്റെ വർത്തമാനമെന്താ?

എളയത് — വിശേഷിച്ചൊന്നുമില്ല. നല്ലവണ്ണം പഠിക്കുന്നുണ്ട്.

രാമൻനമ്പ്യാർ— എന്താ! ഇതാ, ഇവരൊക്കെ എത്രകെട്ടി! മൂന്നാം പുസ്തകവുമായി മറവുമാണ് തെക്കൻപ്പാട്ട ഒന്നു പഠിച്ചത്!!

അനന്തരം തുടർന്നു പറഞ്ഞു:— "ഇതാ, മാധവന്റെയും എട്ടുകെട്ടല് കഴിഞ്ഞു!"

എളയത് — ആര്? പാർവ്വതിയെന്നോ?

രാമൻനമ്പ്യാർ — ചോദിപ്പാനുണ്ടോ!

എളയത് — ഞാൻ എന്താണാവോ എന്നു വിചാരിച്ചു, സ്കൂളിലെപ്പോലെ ഒരു പാവമായിരിക്കുന്നതു്.

രാമൻനമ്പ്യാർ — ആ മൊരടകാടന്മാരോട് ഞാനൊന്നും പറയില്ല എന്നു വെച്ചിരിക്കയാണ്. എന്തെങ്കിലുമായ്ക്കോട്ടെ. അവരായി; അവരുടെ പാടായി! ഇവരാരെല്ലാമോ പണം ചെലവാക്കിയതു് എന്തൊരു വിഡ്ഢിത്തം: മാധവൻ പാടില്ലെന്നാണ് ഇപ്പോഴും കാണുമ്പോഴും തോന്നുന്നതു്.

എന്നു്, പ്രത്യാശാദായകമായ ഒരു ദീർഘനിശ്വാസം വിട്ടു കുറച്ചിട മൌനം കൈക്കൊണ്ടു. ഈ തരം നോക്കി എളയത്, "ഞാൻ കുളിക്കട്ടെ." എന്നു പറഞ്ഞു്, രാമൻനമ്പ്യാർക്കു ദീർഘസംഭാഷണത്തിന്നിട കൊടുക്കാതെ തൽക്കാലം അവിടെനിന്നു പിരിഞ്ഞു.

എളയതും കുട്ടൻനമ്പ്യാരുമായി ഉടനെ സന്ധിച്ചു; നമ്പ്യാർ വധുവിനെപ്പററി ഇങ്ങിനെ അഭിപ്രായം ചോദിച്ചു:— "എളയതേ, ഫോട്ടോ കണ്ടില്ലേ? എന്തു തോന്നുന്നു?"

എളയത് — അപ്പോഴും, ഇത്ര പെട്ടെന്നു നിശ്ചയിച്ചതെന്തിനാണ്?

കുട്ടൻനമ്പ്യാർ — ഒരാളിനെന്താ തരക്കേട്? പിന്നെ, അമ്മാമനാണ് എല്ലാം നിശ്ചയിച്ചതു. നമുക്കിതിൽ ഒന്നും നോക്കാനില്ലല്ലോ? — എനിക്കു ധാരാളം പിടിച്ചു!

തന്റെ ആത്മസ്നേഹിതന്റെ പുറപ്പാട്ടിൽ മയങ്ങുന്ന തോഴനു് എളയത് അപ്രകാരം വ്യാകുലനായി. എങ്കി

ടും, തൽക്കാലം ആ വിഷയത്തിൽനിന്ന് അദ്ദേഹം വിരമിച്ചിരിക്കയുള്ളു.

പിറേറന്നു ബുധനാഴ്ചയായിരുന്നു കുട്ടൻനമ്പ്യാരുടെ സംബന്ധം. അതിനെപ്പററിയ വർണ്ണനകളോ വിവരണങ്ങളോ ഇവിടെ ആവശ്യകമായിരിക്കുന്നതല്ല. സൌന്ദര്യധാമണി ധാരാളമായി പ്രവഹിച്ചിരുന്ന യുവതിയുടെ— ശ്രീമതി, സി. പി. കാത്യായനിക്കുട്ടിയമ്മയുടെ— രംഗപ്രവേശനത്തിൽ തന്നെ കുട്ടൻനമ്പ്യാർ സ്വർഗ്ഗസുഖത്തെ അനുഭവിച്ചുകഴിഞ്ഞു!——

വന്നം, വിരഹതാശയനാകേണ്ടതിന്നാൽ
നൂനം സ്വദിക്കും ശരികെട്ട പായസം;
താനൻപിൽ വേവിച്ചാൽ പാലനുഭവമാകില,
നീ നന്മം വാഴും ധര താൻ ത്രിവിഷ്ടപം!

നാലാമദ്ധ്യായം.

ഉത്സവം അടുത്തു വന്നിട്ട് ഇപ്രാവശ്യത്തെപ്പോലെ ഒരിക്കലും ഒരുങ്ങിക്കൊണ്ട് അങ്ങിനെ തന്നെ മടങ്ങിപ്പോകാൻ എളുപ്പമായിരുന്നില്ല; എളുപ്പംകൊണ്ടും ധൈര്യമുണ്ടായില്ല: അദ്ദേഹം വ്യാഴാഴ്ച രാവിലെതന്നെ താമരശ്ശേരിയിൽനിന്നു യാത്ര വിളിച്ചു പുറപ്പെട്ടു. എളുപ്പത്തിൽ ഉത്സവസമയത്തിൽ അവിടെ എത്തുന്നതു്, അപ്പോഴത്തെ വർഷം പോലെയോ അദ്ദേഹത്തിന്നു പലപ്പോഴും അനുഭവപ്പെട്ടതായിരുന്നു. അതിനാൽ, മറ്റൊരു വേഷമെടുത്തു ഉൽസവം പ്രവേശിക്കുന്നതു ഇപ്പോൾ അസാധാരണമാക

മെന്നു കരുതി ദേവാലയ ഗ്രാമമധ്യത്തിൽവെച്ചു തന്റെ വേഷമൊന്നു മാറി: ഉടുത്തിരുന്ന ഇരട്ടവേഷ്ടിയും ഇട്ടിരുന്ന ഉത്തരീയപ്പൂന്തത്തിനും സ്ഥാനഭ്രംശമൊന്നും വരുത്തിയില്ലെങ്കിലും, കഴുത്തിൽ നാലഞ്ചു ചുറ്റിപ്പിണച്ചിട്ടിരുന്ന പതിനെട്ടു മുഴത്തിലുള്ള പച്ചപ്പട്ടുകൊണ്ടു തലയിൽ ഒരു ബങ്കാളിക്കെട്ടു കെട്ടി. ഇതൊന്നുമല്ലാ വേഷപ്പകർച്ചയ്ക്കു മുഖ്യകാരണമായതു്: ഇടത്തെ കണ്ണിനു ദോഷമായി മെന്നു തോന്നുമാറു ഉണ്ടാക്കിയിട്ട ഒരു കറുത്ത '[illegible]', മുഖത്തിന്റെ [illegible] ഒരു മലയാളിത്തത്തെ തീരെ ഇരുത്തിവിട്ടു.

ഏലിയത്തിനു പന്ത്രണ്ടു വയസ്സു പ്രായമുള്ള ഒരു ബാലകൻ ഉണ്ടു്. കൊച്ചുണ്ണിയെന്നാണു പേർ; എന്നാൽ, വിളവുകൊണ്ടും വിദ്യകൾകൊണ്ടും ചെറു വലിയുണ്ണി! എന്തുതന്നെയുള്ള ഒരു പ്രകാരത്തിൽ ഉപകാരമുള്ളതു്, വികൃതി കൊടുത്താലും അധികമായിട്ടും മാത്രമേ ശീലിച്ചിട്ടുള്ളൂ. എല്ലാത്തിലുംപ്പോഴെങ്കിലും ഉപകാരത്തെയും കഴിക്കും. ഇതു് ഏലിയതിന്റെ അച്ഛനറിവുള്ളതില്ല. ഈ തരം ദേഹം കൊച്ചുണ്ണി പറയാതെ വിട്ടുപോയിട്ടില്ല. ആ വികൃതിക്കുട്ടി, ഇപ്പോഴുള്ള ഉണ്ണ കടിച്ചു് കളിച്ചുണ്ടാക്കികളുടെ വരവും കണ്ടു് മതിമറിട്ടുള്ള സമയം ചോറുണ്ണാൻവേണ്ടി പുറമെയുള്ള വന്നിരുന്നു് എന്നാലും ചാലിയ്യത്തോടുകൂടി ഒരു ഗ്രാമത്തിൽനിന്നുകൊണ്ടു് ഇരുന്നു കണ്ണു അടച്ചു് അഭിനയം ചെയ്യുന്ന വിലക്ഷണമായ ഭാവത്തിൽ അതിനേരം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണു് തന്റെ കപടവേഷക്കാരൻ അവിടെച്ചെന്നു കയറിയതു്. കൊച്ചുണ്ണി വിനോദത്തിൽനിന്നു വിരമിച്ചു് ആ ആഗന്തുകന്റെ നേരെ തിരിഞ്ഞു. അദ്ദേഹം, അധികം താമസിയാ

തെ, താൻ മുഖം നോക്കി ലക്ഷണം പറയുന്ന ശാസ്ത്രജ്ഞ
നാ കൊച്ചുണ്ണിയെ മനസ്സിലാക്കുകയും, കുട്ടിയുടെ കൈരേ
ഖയെ വർണ്ണിപ്പിച്ചുകൊണ്ട് അവന്റെ ജ്യേഷ്ഠനെക്കുറിച്ച്
കൂടി ലക്ഷണങ്ങൾ പറഞ്ഞുതുടങ്ങുകയും ചെയ്തു. പാ
ന്നു പറഞ്ഞത്, ആ ബി.എ.-വിദ്യാർത്ഥി ആ അവസരത്തി
ൽ അവിടെ വന്നിട്ടുണ്ടെന്നായി ലക്ഷണികന്റെ വാദം;
കൊച്ചുണ്ണി, ഇല്ലെന്നും. വാദം മുഴുത്തു; കോലാഹലമായി.
"കള്ളസ്സന്യാസി, കടന്നു പോ!" എന്നായി ഒടുവിൽ കൊ
ച്ചുണ്ണി. "വികൃതി കാട്ടാനായി സ്കൂളിൽ പോകാതിരിക്കയാ
ണല്ലേ?" എന്ന് ഉരുളുകൊണ്ടു സ്വന്തം സ്ഥാനത്തിൽ പോ
യ്ക്കുകയും, പിടഞ്ഞെഴുന്നേറ്റ കൊച്ചുണ്ണിയുടെ മണ്ടയ്ക്ക് ഒ
ന്ന് കൊടുക്കുകയും കേശവമേനോനാണ് ആ തൊടി
യിലേക്കൊണ്ടു കയറി. കൊച്ചുണ്ണി തിരിച്ചുപായി! ജാലക
ത്തിലൂടെ ഇതെല്ലാം നോക്കിക്കൊണ്ടു പൂമുഖത്തിൽ നി
ന്നിരുന്ന എളയതിന്റെ അമ്മ, കൊച്ചുണ്ണിയ്ക്കു കിട്ടിയ കൊ
ണ്ട മാത്രയിൽ അത്യധികവിഷാദം പൂണ്ടുപോയി; ആ
ട്ടത്ത നിമിഷത്തിൽ കൊച്ചുണ്ണിയുടെ അരികിൽക്കാണുന്ന
തന്റെ സീമന്തപുത്രനെയാണ്. അപ്പോഴും ആ അമ്മയു
ടെ ആ രണ്ടു മക്കളെയും ഒന്നു കാണേണ്ടതുണ്ടായി
രുന്നു.

എളയത്, ചെറുപ്പത്തിൽത്തന്നെ വിവാഹം ചെയ്യേ
ൻ നിർബ്ബന്ധനായിത്തീർന്ന ഒരു വിദ്യാർത്ഥിയാണെന്നു മുന്ന
ദ്ധ്യായത്തിൽനിന്നു വ്യക്തമായിട്ടുണ്ടല്ലോ. പതിനേഴ് വയ
സ്സിൽ പദമൂന്നിയ തന്റെ ഏകസഹോദരിയെ പ്രദാനം
ചെയ്യേണ്ടതിലേയ്ക്കു യോഗ്യനായ ഒരു സ്ത്രീധനമില്ലാതെ ഒരാ
ളെക്കണ്ടുപിടിയ്ക്കാതിരുന്നതിനാലാണ്, കേശവമേനോനെയു

ന്നു് ഈ വേഷത്തിൽ വെളിക്കിറങ്ങിവന്നതു്. ഈ യുവതി
ന്റെ പാരിച്ച ദേവകിയെന്നാണ പേർ; എന്നാൽ, ആ
പേർ ആരും അറിഞ്ഞുകൂടാ; അച്ഛൻ കുട്ടിയെ മടിയിലി
രുത്തി ചെവിക്കിട്ടിൽ 'ദേവകി' എന്നു മൂന്നുരു മന്ത്രിച്ചു: ആ
ശ്ചര്യം! അന്നുമുതല്ക്കു തന്നെ ആ ഭംഗിയുള്ള പേരിനെ,
മലയാളക്കരയിലെ ഒരു തദ്ഭവപദമാക്കി, ഓമനത്തവും
വാത്സല്യവും കാണിപ്പാനായി 'കുട്ടി' എന്നു കൂട്ടിച്ചേർത്തു്,
'ദേവികുട്ടി' എന്നാക്കി! ഇന്നു് ഈ പേരും, ഈ യുവതി
ന്റെ പിതാമഹിയുടെ മുഖത്തുനിന്നു മാത്രമേ കേൾക്കു
കയുള്ളു: മറ്റുള്ളവരെല്ലാം ആ കുമാരിയെ, ഇപ്പോഴു് വി
ളിക്കുന്നതും അദ്ദേഹത്തിനു വളരെ ഇഷ്ടപ്പെട്ടതുമായ 'ദേ
വി' എന്ന നാമധേയംകൊണ്ടാണു വിളിക്കുന്നതു്.

ദേവി, വലിയ ഒരു സുന്ദരിയൊന്നുമല്ല: എന്നാൽ,
തികച്ചും ഒരു ഭാഗ്യവതിയാണു്. അവളുടെ നിറം വെളു
പ്പുമായുള്ള ഒരുതരം വെളുപ്പാണു്. മുഖം അധികമില്ലെങ്കിലും പ്ര
സന്നമത്രെ. വികസിച്ചെടുത്ത കണ്ണുകൾ. ആ യൗവ്വ
നപാടെഷിച്ചുപോയ മുഖം മാത്രമേ ആ യുവതിയുടെ ദൃഷ്ടി
സ്വഭാവത്തിനു ഭംഗാകാവല്ല. അതുകൊണ്ടു്, ദേവി തിരുവാതി
രക്കാലത്തു കൂടി 'മൂന്നാം കൂട്ടുക' പോലും പഠിച്ചിട്ടില്ല! എന്നി
ട്ടും, അവളുടെ ഭിന്നരുചി വഴിയാത്ത ചെറുപാട്ടുകളും ചെ
റുകവിതാശകലങ്ങളും ധാരാളം അറിയാം. അതു് 'പഞ്ചതന്ത്രപാഠ
ത്തിൽനിന്നു പഠിച്ചിട്ടായിരിക്കും; അതുകൊണ്ടു മാ
ത്രമല്ല; ദേവിക്കു കാവ്യങ്ങളും: പഴയ മാതിരിക്കു ചെറു
ചെറുകഥകളും മണിപ്രവാളങ്ങളും; 'ശാകുന്തളം' ഇ
തിന്റെ വിശേഷപ്പേർ; ഇതു പോലെയാണ ദേവിയുടെ പാ
ട്ടുകളും: അതുകൊണ്ടത്രേ, കാളിദാസന്റെ നാടകത്തി
നിലെപ്പോലെ 'ശാകുന്തള'യാണു്.

ദേവിയുടെ രോഷവും [illegible]മെന്തിനോ? — [illegible] [illegible] ഏറ്റവും [illegible] [illegible]. [illegible] നിർബ്ബന്ധം നിമിത്തം ഇവയെല്ലാം ദേവി [illegible] ഉപേക്ഷിച്ചുതുടങ്ങിയെങ്കിലും, [illegible] ത്തിന്റെ കഥ [illegible]!

കാതുകളിൽ [illegible], കഴുത്തിൽ [illegible], [illegible] നിറച്ച് [illegible]: ഇതാണ് ദേവിയുടെ [illegible]!

ദേവിയുടെ [illegible] [illegible]. [illegible], [illegible] [illegible]. ദേവിയുടെ [illegible] ഒരു ദിവസത്തിൽ [illegible]:— "[illegible], [illegible]! [illegible]! [illegible]!" ദേവിയുടെ [illegible], [illegible] പറയുന്ന [illegible], [illegible] [illegible] [illegible] [illegible].

നാലിയുടെ കാര്യത്തിൽ വല്ല ഒരു പരിഷ്കാരം വരുത്തി
ക്കേണ്ടതു വായനക്കാർ മനസ്സിലാക്കീട്ടുണ്ട്. അതിനെപ്പ
റ്റി ഇപ്പോൾ നാം പറയേണ്ടതായിട്ടില്ല.

പിന്നെ, ഞൊറിഞ്ഞുടുക്കപ്പെട്ടിട്ടുള്ളതിനെക്കാൾ ഭംഗി
വഴിയുന്ന ഒരു പൂവാർപട്ടുകോന്തലകളെ, കിളുന്ന് നാര
ങ്ങയും കൈകാൽകളോടുകൂടി കരപ്പും തുടുത്തുമുഴുത്തിരിക്കുന്നവ
യും ഒന്നിനൊന്നിടയുള്ളതുമായ കുട്ടി കാൽവിരലുക
ളെക്കൊണ്ട് അലങ്കരിക്കപ്പെട്ടിരുന്നതായിക്കാണുന്നവാ
ണ് നാഥന്റെ പുളിയിലക്കരമുണ്ട് പൊട്ടി നാരങ്ങാപ്പൂ
നാളു! ഈ വസ്തുക്കളെല്ലാം ഉൾപ്പെടുത്തിയാൽ വല്ലതും
റിയുക തന്നെ വേണം!

മേനിയുടെ വിസ്താരത്തിന്റെ സ്ഥിതിയെപ്പറ്റി:—
അവളുടെ വിശാലമായ ഹൃദയവും നിഷ്കാമമായ ചി
ത്തം നിസ്സാരമായ സൌന്ദര്യവും, ചിത്തപാതിവ്രത്യവു
മാകും നാനാതരം ബുദ്ധികളുടെ യുക്തിസാധ്യമായും മ
നോഹരം ഭാഷകളിൽ സമ്പാദിച്ചിട്ടുണ്ടായ പരിചയവും
സംസ്കൃതവും വായിക്കുന്നതിനുള്ള പരിശ്രമത്തിന്റെ
നസ്സിനെ പരിഷ്കരിക്കുന്നതാണല്ലോ ഉള്ളു; ഓർക്കുക!
മേനിക്കു സ്വഭാവഗുണങ്ങളോ ഏറെയില്ല. വായിക്കുന്നതി
നെയും മനസ്സിലെ പ്രതിപാദ്യം കണ്ടറിഞ്ഞൂടാ! അ
വൾ, മലയാളം കൈയെഴുത്തു വായിപ്പാൻ നന്ന ശീ
ലമുണ്ട്. എഴുതുവാനറിയാമോ—എന്നു പിന്നെ ചോ
ദിക്കേണ്ടതില്ലല്ലോ. ഇംഗ്ലീഷ് ഭാഷയറിഞ്ഞിട്ടും, എഴു
യത് ഇംഗ്ലീഷിൽ ചിലപ്പോൾ മേനിക്കു കത്തെഴു
തിയിട്ടില്ല. എന്നാൽ, സാധാരണയായി വേറെ വഴി
കളിൽ കൂടിയും ഒന്നാന്തരം സാഹിത്യവാസന ഉണ്ടാ

ന്നിട്ടു വായിക്കുന്ന ആ സാഹിത്യരസികന്ന്, ദേവി
ക്കു കലാതന്ത്രങ്ങളിൽ വാസനയുണ്ടാവാം, മുന്നോട്ടു കുതിച്ചു ചാടു
ന്ന തന്റെ സാഹിത്യവാസനയെ, കണ്ണുകളടച്ചു കെട്ടണം;
കടിഞ്ഞാൺ മുറുക്കിപ്പിടിക്കണം; അക്ഷരമാലയെ ഭാ
ഷയിൽ പൂട്ടിവയ്ക്കണം; വാക്യങ്ങളെ നിർത്തിപ്പിടിക്കണം; നാവിനെ വാ
ടി കൂടിപ്പിടിപ്പിച്ചുകൂടാ! എന്തിനധികം; എത്രയോ ത
രം, കമ്പോസിറ്റർമാർ സ്റ്റിക്കിൽ ഒപ്പക്കേറ്റ ഒരു
കടി ഒഴുക്കൻവാലെയായിരിക്കണം!

ഹാ! എന്തു കഷ്ടം! മലയാളബ്രാഹ്മണസ്ത്രീകളുടെ സ്ഥി
തി എത്ര ശോചനീയം! ഇവരുടെ, വികൃതമായ വസ്ത്രധാര
ണരീതിയും, അറപ്പു തോന്നിക്കുന്ന ആഭരണങ്ങളോടുകൂ
ടിയ—നിസ്സീമമായ നിരക്ഷരകുക്ഷിത്വത്തിനു പുറമേ
മറ്റു അന്യസമുദായങ്ങളെ വ്യത്യാസം വരുത്തുവാൻ ലേശവും
മനസ്സു വരാത്ത മലയാളബ്രാഹ്മണന്മാർ ഇവരെ ഇന്നും
'ഘോഷ'ക്കാരികളായിത്തന്നെ വെച്ചുപോരുന്നതിലും അ
ർത്ഥമുണ്ട്. അല്ലാതെ, കനപ്പിച്ചു കെട്ടിയ കമ്പാകങ്ങളാലും
പണ്ടത്തെ പനയോലപ്പുഴുക്കടകളാലും ഒതുങ്ങിക്കഴിയാതെ,
ഇവരെങ്ങാനും മനുഷ്യസ്ത്രീകളെപ്പോലെ—എവർക്കും കാ
ണാവുന്ന മട്ടിൽ—പുറത്തിറങ്ങുന്നതായാൽ, തീർച്ചയായും ഇ
വരെപ്പിടിച്ചു വല്ല കാട്ടുമൃഗങ്ങളായിപ്പോലും ആയ
ച്ചുകളയുന്നതാണ്.

ദേവിയും അവളുടെ പ്രിയതമനുമായി അന്നു രാത്രി ന
ടന്ന ഒരു ചെറുസംഭാഷണംകൊണ്ട്, ആ യുവദമ്പതിമാ
രുടെ സ്ഥിതിഗതികളെ ഇവിടെ കുറച്ചു കൂടി വിശദമാക്കാം:

എളയത്—അയ്യോ! ഈ വളയൊക്കെ ഊരിക്കളയണമെന്നോ?
എനിക്കു ഭേദമാവുന്നു!

'എന്നാൽ ബോദ്ധ്യപ്പെടുത്തുന്നില്ല!' എന്നു പറഞ്ഞു ദേവി മുഖം തിരിച്ചു നിലക്കിടുന്നു. എളയത്, ആ കൈകളെക്കൊണ്ടു തന്നെ, വീണ്ടും, തന്നെ ദൃഢമായാലിംഗനം ചെയ്യിച്ചു.

എളയത് — കാര്യമറിയിച്ചു തന്നാൽ ഇതു കളയാമോ?

ദേവി — അതൊന്നും എനിക്കു ഇഷ്ടമാവില്ല.

എളയത് — ഏതൊരു കാര്യം ഞാൻ ഇഷ്ടമാക്കിയില്ല? ഇതി, ഇതും ഇതിലപ്പുറവും ഞാൻ ഇഷ്ടമാക്കാം. ഇപ്പോൾ ദേവിക്കു് എന്റെ എച്ചിലിലയിൽ ഉണ്ണുക തന്നെ വിശപ്പു മാറുന്നില്ലേ?

മലയാളബ്രാഹ്മണരുടെ ഇടയിൽ സ്ത്രീകൾ ഭർത്താവിന്റെ എച്ചിലിലയിൽ ഉണ്ണുന്നതു 'ധർമ്മശാസ്ത്ര'ത്തിനു വളരെ വിശേഷമായിട്ടാണു വെച്ചിട്ടുള്ളതു്! നിർമ്മലവും പരിശുദ്ധവും സ്വച്ഛമാവുമായ ഏതൊരു സമ്പാദിച്ചു നിർമ്മിച്ചുന്ന ആഭ്യന്തരഭാഗത്തിലും പരക്കെ, വിദ്യാഭ്യാസവിഹീനകളും പൂർവ്വാചാരനിരതകളുമായ മലയാളബ്രാഹ്മണസ്ത്രീകൾ, സഹവാസികളെ ആ അശുദ്ധിവാസങ്ങളിൽ ഈ നീചകർമ്മാനുഷ്ഠാനത്തിനായി, ഹാ! ധിക്!! — നിർബന്ധിക്കുന്നു; ശീലിപ്പിക്കുന്നു; ഉപദ്രവിക്കുന്നു! അഭിജ്ഞമന്യരായ മലയാളബ്രാഹ്മണന്മാരും ഈ വിഷയത്തിൽ ഔദാസീന്യമവലംബിച്ചുകളയുന്നു! കഷ്ടം! ഒരു ബ്രാഹ്മണനു് ഒന്നിലധികം ഭാര്യമാരുണ്ടെങ്കിൽ, ആ സപത്നിമാരുടെ മദ്ധ്യേ ചിലപ്പോൾ ഈ എച്ചിലില വിഷമീകരിച്ചുകൊണ്ടും ആയിത്തീരുന്നു!! — പട്ടികളെപ്പോലെ അവർ ഈ എച്ചിലിലയ്ക്കായി കടിപിടി കൂടുന്നു; ഈ എച്ചിലിലയെ അവർ തമ്മിൽ ഇങ്ങനെയാക്കുകയും ചെയ്യുന്നു! ഇപ്പാവര

വും നികൃഷ്ടവും നിന്ദ്യവുമായ ഈ ആചാരത്തെ വാസ്തവ പ്പിള്ളയത്, തന്നെസ്സംബന്ധിച്ചേടത്തോളമെങ്കിലും, ഉപേക്ഷിച്ചു; അഥവാ, ഉപേക്ഷിപ്പിച്ചു.

പിള്ളയത്—ദേവി, നമുക്ക് ഈ താലി ഉടയ്ക്കുക. ഇതുകൊണ്ട് ഒരു ജോടി കാപ്പും, കഴുത്തിലേയ്ക്കു ഭംഗിയിൽ ഒരു ചെയിനും ഉണ്ടാക്കിക്കാം. അതാണ് നല്ലത്. പിന്നെ, ഒരു കാര്യം കൂടി വേണം: ഒരു 'സത്രീ'ത്തിനു ചേരാത്ത കാണാതായാലോ ദേവി!—, ആ ചെയിൻ മാത്രം കെട്ടിയാൽ മതി; അല്ലാതെ, മുന്നിട്ടാണി, കഴുത്തില, പൂത്താലി, കാശാലി എന്നിവകൊണ്ട്,— അതും 'ഇരുമ്പ്' വാങ്ങി!—മറ്റു 'കാണപ്പൂവി'ട്ടവ ആവശ്യമില്ല; അത് ആഭാസമാണ്!

ഈ അഭിപ്രായം ദേവിക്കു രുചിച്ചുവോ, ഒട്ടേറെ അനുഭവം, എന്തോ അർത്ഥത്തിൽ, ഒരു പുഞ്ചിരിയിട്ടു മാത്രം ചെയ്തു.

പിള്ളയത്—ഇപ്പുറം മേൽമുണ്ട് ധരിക്കാനായല്ലോ ഇനി ഒരിക്കലും ഉടുത്തുടങ്ങണം. നാളെ; പിന്നിട്ട് ഒരു ഉദ്യോഗം വാങ്ങട്ടെ എന്നിട്ട് മതി.

ഒരിക്കലിട്ടുവാൻ ദേവിക്കു വലിയ മോഹമുണ്ടായിരുന്നു, അതിന്റെ സാധ്യതയിൽ ചെറിയ വിശ്വാസം ഉണ്ടായില്ല. ഉത്തരമൊന്നും പറഞ്ഞതുമില്ല. പിന്നെ അവരുടെ സംഭാഷണം വിഷയാന്തരത്തിലേക്കു വ്യാപരിച്ചു.

കിമപി കിമപി മന്ദം മന്ദമാസത്തിയോഗാ-
ദവിരളിതകപോലം ജല്പതോരക്രമേണ
അശിഥിലപരിരംഭവ്യാപൃതൈകൈകദോഷ്ണോ-
രവിദിതഗതയാമാ രാത്രിരേവ വ്യരംസീത്!

തോട്ടത്തിൽ കരുണാകരപ്പണിക്കർ എന്ന ഒരു മാന്യനെ വായനക്കാർ കേട്ടുകഴിഞ്ഞിട്ടുണ്ടല്ലോ. എളയതിന്ന് ഇതുവരെയും ഇനി ഉണ്ടാവാനിരിക്കുന്നതുമായ സകലവിധ ദുഃഖസങ്കടങ്ങളുടെയും നിദാനം ഈ പണിക്കരാണെന്നും വായനക്കാരറിയാമല്ലോ. ഇദ്ദേഹം നല്ല ഒരു കുലീനനും ധനികനും നാട്ടുപ്രമാണിയുമാകുന്നു. പ്രായം മുപ്പതിനടുത്തിലധികമായിട്ടില്ല. എളയതിന്റെ അച്ഛൻ പണിക്കരുടെ ഒരു ഉററ ആശ്രിതനും മുഖ്യസഹചരനുമാണ്. പണിക്കർ, എളയതിന്റെ കുടുംബത്തോട് ഇത്രമാത്രം വലിയ ദ്വേഷമുള്ള കാരണമെന്താണെന്നും വിശേഷിച്ചു പറയാനില്ല. തോട്ടത്തിൽവീട്ടിലെയ്ക്കു° എളയതിന്റെ ഇല്ലത്തുനിന്ന് ഒരു വിളിപ്പാട ദൂരമേയുള്ളൂ.

കല്യാണിയമ്മ കരുണാകരപ്പണിക്കരുടെ സഹധർമ്മചാരിണിയാണ്. സാധാരണസ്ത്രീലോകത്തിൽ ദുർല്ലഭമായ സംസ്കൃതവിദ്യാഭ്യാസവും, അതിന്റെ പരിണതഫലമായ വിനയാദിവിശിഷ്ടഗുണങ്ങളും, സൌന്ദര്യസൌഭാഗ്യസമ്പന്നയായ കല്യാണിയമ്മയുടെ അന്യാദൃശലക്ഷണങ്ങളാകുന്നു. 'അരവയസ്സ്' എന്ന പേരിനെ സാർത്ഥമാക്കുന്ന ഇരുപത്തഞ്ച് വയസ്സാണ് കല്യാണിയമ്മയുടെ പ്രായം. പ്രസവവും ഒന്ന മാത്രമേ കഴിഞ്ഞിട്ടുള്ളൂ.

എളയത് വിരാമകാലങ്ങളിലോ മററോ നാട്ടിൽ വന്നാൽ ചില സമയങ്ങളും അദ്ദേഹത്തെ തോട്ടത്തിൽവീട്ടിൽ കാണുവാൻ കഴികയുള്ളൂ. എളയതും കല്യാണിയമ്മയുമായി ആ അവസരങ്ങളിലെല്ലാം അങ്ങിനെ നടത്തിവരുമാറുള്ള നാനാതരം സംഭാഷണങ്ങൾ അവർ രണ്ടുപേർക്കും പരസ്പരം വിനോദകരവും വിജ്ഞാനപ്രദവുമാകുന്നു.

തലശ്ശേരിയിൽനിന്നു വന്ന ദിവസം തന്നെ നാലുകെ എളയതിനു കല്യാണിയമ്മയെ ചെന്നുകാണുവാൻ സംഗതിവശാൽ സാധിച്ചില്ല. പിറ്റേന്നു രാവിലെതന്നെ അദ്ദേഹം തോട്ടത്തിൽവീട്ടിലേയ്ക്കു പോയി. അന്ന് അവർ തമ്മിൽ ദേവിയെപ്പറ്റി സംഭാഷണം ചെയ്യുന്ന ഇടയ്ക്കുള്ള സന്ദർഭത്തിൽ പ്രസ്താവിക്കപ്പെട്ടവയായിരുന്നു:

കല്യാണിയമ്മ — നിങ്ങളുടെ പത്നിയാകുന്നതിന്നു യോഗ്യതകളിൽ ഒന്നു മാത്രമേ ദേവിക്കു കുറവുള്ളു.

എളയത് — വിദ്യാഭ്യാസത്തിന്റെ കാര്യമല്ലേ? എളയത്-സമുദായം എല്ലാ വിഷയത്തിലും ഏറ്റവും താഴ്ന്ന പടിയിലല്ലേ നില്ക്കുന്നത്!

കല്യാണിയമ്മ — ദേവിയുടെ ആ ഒരു ന്യൂനത വലിയ ഒരു ന്യൂനത തന്നെയാണെങ്കിലും, ഇപ്പോഴും അതു പരിഹരിക്കാവുന്നതാണ്.

എളയത് — അതെ! വിദ്യാഭ്യാസത്തിനുള്ള കാലം അതിക്രമിച്ചിട്ടില്ല; പക്ഷേ, സൗകര്യമെവിടെ? ഞാൻ തന്നെ അതിനേർപ്പെടുന്നതായി വെച്ചാൽ അതിനും ഇപ്പോൾ നിവൃത്തിയില്ലല്ലോ!

കല്യാണിയമ്മ — അതിനാണെങ്കിൽ കാലാന്തരത്തിലും നിവൃത്തിയുണ്ടാവുകയില്ല. എന്നാൽ വേറെ മാർഗ്ഗമുണ്ട്: ഞാൻ പഠിപ്പിച്ചാൽ പോരേ?

എളയത് — 'പോരേ?' എന്നോ?! ഇതിലധികം ഭാഗ്യമുണ്ടാവാനുണ്ടോ! എന്നാൽ, അതിനുള്ള സമയവും സൗകര്യവും നിങ്ങൾക്കുണ്ടാകുമോ എന്നു സംശയിച്ചാണ്, ഞാൻ ഇതുവരെയും ഇതിനെപ്പറ്റി അങ്ങോട്ടൊന്നും പറയാതിരുന്നത്.

കല്യാണിയമ്മ — അതിനെപ്പറ്റിയൊന്നും വിഷമം ആ ലോചിക്കേണ്ട. സമയവും സൌകൎയ്യവും മാത്രമല്ല, ദേവിയെപ്പഠിപ്പിക്കുന്നതിൽ ഏനിക്കു സിദ്ധിതമായ സന്തോഷം കൂടിയുണ്ട്: ദേവിക്കു നല്ല ബുദ്ധിയുണ്ട്, പഠിപ്പാനുള്ള മോഹവുമുണ്ട്.

